**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**10 AUGUST 2018 (27 DHUL-QADDAH 1439 AH)**

# "Inheritance Succession". /പൂർവ്വാർജ്ജിത സ്വത്തിന്റെ അനന്തരാവകാശികൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **പൂർവ്വാർജ്ജിത സ്വത്തിന്റെ അനന്തരാവകാശികൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

വിശുദ്ധഖുർആനും വിശുദ്ധ ഹദീസുമനുസരിച്ച്, ശരീഅത്ത് അനുസരിച്ച്, ഒരു മുസ്ലിമിന്റെ മേൽ നിർബന്ധമായ കാര്യമാണ്, അവന്റെ ധനം അവന്റെ അനന്തരാവകാശികളുടെ മേൽ വിതരണം ചെയ്യുക എന്നത്. ആയതിനാൽ അതിന് ആവശ്യമായ എല്ലാ നടപടികളും ചെയ്തു വെയ്ക്കുക എന്നത് അവന്റെ ബാധ്യതയാണ്, അങ്ങനെ ചെയ്താൽ, അവന്റെ മരണ ശേഷം, അവന്റെ ധനം അല്ലാഹു(ത) യുടെയും പ്രവാചകൻ(സ)യുടെയും കല്പനകളനുസരിച്ച് (അവന്റെ ധനം) വിഭജിക്കപ്പെടുന്നതാണ്.

ഭാര്യ,അല്ലെങ്കിൽ ഭർത്താവ്, അല്ലെങ്കിൽ മാതാവ്, അല്ലെങ്കിൽ സഹോദരി അവർക്ക് ഓഹരി ലഭിക്കുക എന്നത് തുടങ്ങിയവ നിർബന്ധമായ കാര്യമാണ്. നമസ്ക്കാരം, വ്രതാനുഷ്ഠാനം, സക്കാത്തു തുടങ്ങിയവ നിർബന്ധമായതുപോലെ! വിശുദ്ധഖുർആനിൽ നിർബന്ധമായും പറഞ്ഞിട്ടുള്ള പിന്തുടർച്ച നിയമപ്രകാരം നാം നമ്മുടെ ധനം വീതം വെയ്ക്കേണ്ടതാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു

പിന്തുടർച്ചാ നിയമങ്ങൾ പഠിക്കുക അവ മറ്റുള്ളവരെ പഠിപ്പിക്കുക. അവ അറിവിന്റെ പകുതി ആകുന്നു (മുസ്തദ്റക്ക് അൽസഹീഹൈൻ)

ഒരു വ്യക്തി മരണപ്പെട്ടുകഴിഞ്ഞാൽ, അവന്റെ ധനത്തിന്റെ ഒരു ഭാഗം, അവന്റെ ശവസംസ്ക്കാര ചെലവുകൾക്കായി വിനിയോഗിക്കേണ്ടതാണ്. മയ്യിത്ത് കുളിപ്പിക്കുന്നതിനും, കഫൻ പൊതിയുന്നതിനും, ശവസംസ്ക്കാരം നടത്തുന്നതിനും, ഫലശൂന്യമായ കാര്യങ്ങൾക്കായി ചെലവഴിക്കരുത്, പ്രസ്തുത നടപടികളിൽ അമിതത്വം കാണിച്ച് ധനം വ്യയം

ചെയ്യരുത് എന്ന് സാരം! ഇന്ന്, ദൗർഭാഗ്യവശാൽ, മുസ്ലിംകൾ ശവസംസ്ക്കാരചടങ്ങുമായി ബന്ധപ്പെട്ട്, വളരെ വലിയ സദ്യകൾ നടത്തുന്നു. ശവസംസ്ക്കാരത്തിന് ശേഷം 3–ാം ദിവസം, 10–ാം ദിവസം, 40–ാം ദിവസം തുടങ്ങി വളരെ വലിയ ആഘോഷമായി സദ്യകൾ ഒരുക്കുന്നവരുണ്ട്. ഇത് പ്രവാചകചര്യ അനുസരിച്ചുള്ള ഒരു നടപടിയല്ല. അതുകൊണ്ടു തന്നെ അത് ശരിയായ കാര്യവുമല്ല. ഇത്തരം ചെലവുകൾ (അതായത് ഇത്തരം വലിയ സദ്യകൾ നടത്തുന്നത്) മരണദുഃഖം അനുഭവിക്കുന്ന കുടുംബത്തിന്റെ ചുമലിൽ കയറ്റി വെയ്ക്കുന്ന വലിയഭാരമാകുന്നു. അവരുടെ കുടുംബത്തിലെ ഒരംഗം നഷ്ടമായതിലെ ദുഃഖത്തിൽ കഴിയുന്നവരാണവർ! പ്രവാചകവചനത്തിലും ചര്യയിലും എന്താണുള്ളത്? അടുത്ത ബന്ധുക്കളും, അയൽവാസികളും അവരെ സഹായിക്കുകയും, അനുശോചനം അറിയിക്കുകയും, ദുഃഖം അനുഭവിക്കുന്ന കുടുംബത്തിന് അല്പം ആഹാരം എത്തിക്കുകയും ചെയ്യുക എന്നതാണ് കരണീയമായിട്ടുള്ളത്. ഒരാളിന്റെ മരണത്താൽ വിഷമിക്കുന്നവർക്ക്, കൂടുതൽ ഭാരം നല്കാതിരിക്കുക. മറിച്ച് നാം ചെയ്യേണ്ടത് അവരെ സഹായിക്കുക എന്നതാണ്. മരണത്താൽ ദുഃഖം അനുഭവിക്കുന്ന കുടുംബത്തിന് സാന്ത്വനം നല്കാനും സഹായിക്കുവാനുമല്ലെങ്കിൽ നാമവിടെ പോകാതിരിക്കുന്നതാണ് നല്ലത്! നിങ്ങൾ അവിടെ പോകേണ്ടത് ആവശ്യമാണ്. എന്നു കരുതുന്നുവെങ്കിൽ, അത് അനുകമ്പാ സന്ദർശനമായിരിക്കണം, അവിടെ നിങ്ങൾ ചെന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുക, ആ കുടുംബത്തിന് വേണ്ടി പ്രാർത്ഥിക്കുക, മരണപ്പെട്ട വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുക അതു മാത്രമല്ല, നിങ്ങൾ അധികസമയം അവിടെ തങ്ങരുത്, ദുഃഖം അനുഭവിക്കുന്ന കുടുംബത്തിന് യാതൊരു ബുദ്ധിമുട്ടും വരുത്തരുത്, അവിടുത്തെ സാഹചര്യം ദുഷ്കരമാക്കരുത്, അതായത് അവർ നിങ്ങൾക്ക് ആഹാരമോ പാനീയമോ തരുന്ന അവസ്ഥ നിങ്ങൾ സൃഷ്ടിക്കരുത്, കാരണം നിങ്ങൾ അവരുടെ സ്ഥലത്ത് കൂടുതൽ സമയം തങ്ങുന്നതിലൂടെയാണ് അത്തരം അവസ്ഥ ഉണ്ടാകുന്നത്.

ശവസംസ്ക്കാര ചടങ്ങുകൾക്ക് ശേഷം അതായത് മരണപ്പെട്ട വ്യക്തിയുടെ ശവസംസ്ക്കാര ചടങ്ങുമായി ബന്ധപ്പെട്ട ചിലവുകൾക്ക് ശേഷം മരണപ്പെട്ട ആൾ എന്തെങ്കിലും കടം വരുത്തിയിട്ടുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ ധനത്തിൽ നിന്നും പ്രസ്തുത കടം വീട്ടേണ്ടതാണ്. അത് എത്രയും പെട്ടെന്ന് വളരെ പ്രാധാന്യത്തോടെ ചെയ്യേണ്ടതാണ്. എന്നാൽ അദ്ദേഹത്തിന്റെ കടം, അദ്ദേഹം അവശേഷിപ്പിച്ചു പോയധനത്തേക്കാൾ, കൂടുതലാണെങ്കിൽ, അതായത് രൂപ, സ്വർണ്ണം, ജംഗമസാധനങ്ങൾ വസ്തുവകകൾ തുടങ്ങിയവ) അദ്ദേഹത്തിന്റെ മുഴുവൻ ധനവും പ്രസ്തുത കടം

വീട്ടുന്നതിനായി ചെലവഴിക്കേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ, ഈ ധനത്തിൽ നിന്ന് അനന്തരാവകാശികൾക്ക് ഒന്നും തന്നെ ലഭിക്കുന്നതല്ല.

## വസിയ്യത്തിന്റെ പ്രാധാന്യം

മരണപ്പെട്ട വ്യക്തിയുടെ കടങ്ങളെല്ലാം കൊടുത്തു കഴിഞ്ഞശേഷം കുറെ ധനം അവശേഷിച്ചിട്ടുണ്ടെങ്കിൽ, അദ്ദേഹത്തിന് പ്രത്യേകമായ ചില ആളുകൾക്ക് എന്തെങ്കിലും കൊടുക്കുവാനോ അഥവാ അദ്ദേഹത്തിന്റെ ജമാഅത്തിന്/മസ്ജിദിന്/ഇസ്ലാമിന് വേണ്ടി അദ്ദേഹത്തിന്റെ അനന്തരാവകാശത്തിന്റെ ഒരോഹരി കൊടുക്കുവാനുള്ള ഉദ്ദേശമുണ്ടായിരുന്നെങ്കിൽ, അത്തരം ആളുകൾ ഒരു വിൽപത്രം മുൻകൂട്ടി തയ്യാറാക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ഒരു വ്യക്തി അല്ലാഹുവിന്റെ പാതയിൽ എന്തെങ്കിലും കൊടുക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, പ്രസ്തുത പ്രസ്താവനയ്ക്ക് വസിയ്യത്തിന് വളരെ വലിയ പ്രാധാന്യം കൊടുക്കേണ്ടതാണ്. ഇത്തരം വസിയ്യത്തുകൾക്ക് അദ്ദേഹത്തിന്റെ കടങ്ങളെല്ലാം വീട്ടിയശേഷം പരമാവധി 1/3 വരെ നല്കാവുന്നതാണ്. അപ്പോൾ ഇത്തരം സന്ദർഭങ്ങളിൽ എന്താണ് വസിയത്ത്? എന്ന് പരിശോധിക്കാം.

വസിയ്യത്ത് എന്ന് പറയുന്നത് ഒരു വ്യക്തി ഒരെഴുത്താൽ രേഖപ്പെടുത്തി വെയ്ക്കുന്നതോ അല്ലെങ്കിൽ വാക്കാൽ പറഞ്ഞു വെച്ചിരിക്കുന്നതോ ആയ തീരുമാനം ആകുന്നു. അഥവാ ഒസ്യത്ത് ആകുന്നു. അല്ലാഹുവിന്റെ പാതയിൽ അവന്റെ ധനത്തിന്റെ ഒരോഹരി ഒസ്യത്ത് പ്രകാരം കൊടുക്കലാകുന്നു. (ഉദാഹരണമായി പറഞ്ഞാൽ, ഒരു ജമാഅത്ത്, ഈ ധനം അല്ലാഹുവിന്റെ പാതയിൽ മാത്രം ഉപയോഗിക്കുക ഇത് ഒരു ആരാധനാ സ്ഥലമായി ഉപയോഗിക്കാം. അല്ലെങ്കിൽ അല്ലാഹുവിന്റെ വഴിയിൽ ജനങ്ങളെ ക്ഷണിക്കുന്നതിനുള്ള ഒരു കേന്ദ്രമായി ഉപയോഗിക്കാം അല്ലെങ്കിൽ ഒരു ഇസ്ലാമിക് സ്ക്കൂൾ ആയി ഉപയോഗിക്കാം തുടങ്ങിയവ) പ്രസ്തുത പ്രഖ്യാപനം അതായത് വസിയത്ത് ചെയ്യുന്നത് നിലനില്ക്കണമെങ്കിൽ പ്രസ്തുത വ്യക്തി പൂർണ്ണ ആരോഗ്യവാനും, താൻ ചെയ്യുന്നത് എന്താണെന്ന് ഉത്തമബോധ്യമുള്ളവനുമായിരിക്കണം. നിയമങ്ങൾ കൃത്യമായി പാലിക്കുന്നതു സംബന്ധമായി ഞാൻ ഇവിടെ വ്യക്തമാക്കേണ്ടതായിട്ടുണ്ട് ഇപ്രകാരം ചെയ്യുന്ന വസിയ്യത്ത് പൂർണ്ണമായും ജമാഅത്തിന്റെ ഉടമസ്ഥതയിൽ വരുന്നതല്ല (പള്ളി, ഇസ്ലാമിക് സ്ഥാപനം തുടങ്ങിയവ) പ്രസ്തുത വ്യക്തി തന്റെ തീരുമാനം തയ്യാറാക്കുകയാണെങ്കിൽ അഥവാ ഇപ്പോൾ മരണപ്പെട്ടുപോയ വ്യക്തിയുടെ അവന് ഒരു അനന്തരാവകാശി അഥവാ അനന്തരാവകാശികൾ ഉണ്ടെങ്കിൽ ! അത്തരം സാഹചര്യത്തിൽ വസിയ്യത്ത് പ്രകാരം തന്റെ സമ്പത്തിന്റെ 1/3 നിശ്ചിത വ്യക്തിക്ക് അല്ലെങ്കിൽ ഇസ്ലാമിക സ്ഥാപനത്തിന്/സമുദായത്തിന് നല്കാവുന്നതും 2/3 ഭാഗം

അനന്തരാവകാശികൾക്ക് നല്കേണ്ടതുമാണ്.

ഇനി മരണപ്പെട്ട വ്യക്തിക്ക് സന്താനങ്ങളില്ലെങ്കിൽ അവന് കടങ്ങൾ ഉണ്ടെങ്കിൽ, അവനൊരു ഒസിയത്ത് പത്രം എഴുതിവെച്ചിട്ടുമുണ്ടെങ്കിൽ, അപ്പോൾ ആദ്യമായി ചെയ്യേണ്ടത് അവന്റെ കടങ്ങളെല്ലാം വീട്ടുക എന്ന താണ്, അതിന് ശേഷം അവനു വേണ്ടി ചെയ്യേണ്ടത് അവന്റെ ധനത്തിന്റെ 1/3 മസ്ജിദിന്/ ജമാഅത്തിന്/ഇസ്ലാമിന് (അദ്ദേഹത്തിന്റെ ഒസിയത്ത് പ്രകാരം സ്വീകരിക്കാവുന്നതാണ്. അതുപോലെ ഒരു വ്യക്തിക്ക് തന്റെ ഇഷ്ട പ്രകാരം താനുദ്ദേശിക്കുന്ന വ്യക്തിക്ക് തന്റെ ധനം ഇഷ്ടദാനമായി കൊടു ക്കുന്നതിന് വസിയ്യത്ത് എഴുതി വെയ്ക്കാവുന്നതാണ് (അദ്ദേഹത്തിന്റെ മര ണശേഷം) അദ്ദേഹത്തിന്റെ കടങ്ങളെല്ലാം വീട്ടിയശേഷം മാത്രമെ അതിന് പ്രാബല്യം ഉണ്ടാവുകയുള്ളു. പ്രസ്തുത വ്യക്തിക്ക് അദ്ദേഹത്തിന്റെ വസിയ്യത്ത് പ്രകാരം ധനത്തിന്റെ 1/3 ന് മാത്രമെ അർഹതയുണ്ടായിരിക്കു കയുള്ളു. ഇനി അദ്ദേഹത്തിന് കടം ഒന്നുമില്ലെങ്കിൽ, അനന്തരാവകാശിക ളായി കുട്ടികളുമില്ലെങ്കിൽ, അത്തരം സാഹചര്യത്തിൽ അദ്ദേഹത്തിന്റെ എല്ലാ ധനവും അദ്ദേഹത്തിന്റെ വിൽപത്രമനുസരിച്ച് അദ്ദേഹം നിശ്ചയിച്ച വ്യക്തി കൾക്ക്, അല്ലെങ്കിൽ ജമാഅത്തിന് അല്ലെങ്കിൽ ഇസ്ലാമിക് സ്ഥാപനത്തിന്, മൊത്തത്തിൽഎടുക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള ഈ വസിയത്ത് ചെയ്യുമ്പോൾ, വസിയത്ത് ചെയ്യുന്ന വ്യക്തി പൂർണ്ണ ആരോഗ്യവാനും, മാന സികമായി അദ്ദേഹത്തിന് എല്ലാ കഴിവുകളും ഉണ്ടായിരിക്കേണ്ടതും, താൻ ചെയ്യുന്നതെന്താണെന്ന് അദ്ദേഹത്തിന് ഉത്തമബോധ്യവും ഉണ്ടായിരി ക്കേണ്ടതാണ്. പ്രസ്തുത വ്യക്തി മരണാസന്നാവസ്ഥയിലാണെങ്കിൽ, അദ്ദേഹം രോഗത്താൽ വിഷമം അനുഭവിക്കുന്ന അവസ്ഥയിലാണെങ്കിൽ, അദ്ദേഹത്തിന്റെ മാനസികാവസ്ഥ തീരുമാനങ്ങൾ എടുക്കുന്നതിന്, പര്യാ പ്തവുമല്ലെങ്കിൽ, സ്വന്തം തീരുമാനമനുസരിച്ച് പ്രവർത്തിക്കുവാനുള്ള ഈ ബൗദ്ധികാവസ്ഥയിലുമല്ലെങ്കിൽ പ്രസ്തുത വസിയത്ത് നിലനില്ക്കുന്നത ല്ല.

ആയതിനാൽ, അനന്തരാവകാശസ്വത്ത് വളരെ സൂക്ഷമമായി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണ്, ഇത് ശരിയാംവണ്ണം കൈകാര്യം ചെയ്യുവാൻ നാം പഠിക്കേണ്ടതുണ്ട്. ഒരുവന് അനന്തരാവകാശികളുണ്ടായി രിക്കെ, അവൻ കിട്ടുന്നിടത്തു നിന്നൊക്കെ കടം വാങ്ങികൂട്ടുന്നത് ശരിയായ ഒരു രീതിയല്ല. എന്നിട്ടവൻ പറയുകയും ചെയ്യുന്നു. എന്റെ ധനം ജമാഅ ത്തിന് നല്കുന്നതിന് ഞാൻ ഇഷ്ടദാനപത്രം തയ്യാറാക്കുന്നതാണ്! അത്തരം വ്യക്തികളോട് ചോദിക്കാനുള്ളത്, അവരുടെ കടങ്ങളെ പറ്റി എന്താണ് അവർക്ക് പറയുവാനുള്ളത്? അവരുടെ കടങ്ങൾ ആര് കൊടുത്തു തീർക്കും? അവരുടെ കുട്ടികളുടെ കാര്യം എങ്ങനെയാണ്? ആ കുട്ടികളെ അവർ ജനി

പ്പിച്ചതല്ലേ?

ഇത്തരം കാര്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ, ഇത്തരം ധനം സ്വീകരിക്കുന്നതിന് മുൻപ്, ജമാഅത്ത് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് സൂക്ഷമമായും പഠനം നടത്തേണ്ടതാണ്. ഒരു വ്യക്തി കിട്ടുന്നിടത്തുനിന്നെല്ലാം കടങ്ങൾ വരുത്തിവെയ്ക്കുകയും, കടം വാങ്ങിയവർക്ക് പണം തിരികെ കൊടുക്കാതിരിക്കുകകയും, ഏറ്റവും കഷ്ടമായ കാര്യം, തന്റെ അനന്തരാവകാശികളെ അവഗണിക്കുകയും ചെയ്യുന്നവർ, എന്നിട്ടവർ അവരുടെ സ്വത്ത് പള്ളിക്ക് അഥവാ ജമാഅത്തിന് നല്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകരുത്. അവൻ കരുതുന്നത് അയാൾ ഇപ്രകാരം ചെയ്താൽ, വിചാരണ ദിവസം അയാൾ ഹാജരാക്കപ്പെടുമ്പോൾ അയാൾക്ക് അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് മോചനം നേടാം എന്നാണ്. ഇപ്രകാരം ചെയ്യാൻ ഇടവരരുത്. വാങ്ങിയ പണം തിരികെ നല്കാതെ ജനഹൃദയങ്ങൾക്ക് മുറിവേല്പിക്കുകയും തന്റെ അനന്തരാവകാശികളെ സ്വത്ത് സംബന്ധമായി അവഗണിക്കുകയും ചെയ്ത (നേരിട്ടു ബന്ധമുള്ള അനന്തരാവകാശികൾ നേരിട്ടുള്ള രക്തബന്ധത്തിലൂടെയുള്ള കുട്ടികൾക്ക് നല്കാതെയുള്ള വസിയ്യത്തുകൾ അല്ലാഹു (ത) സ്വീകരിക്കുന്നതല്ല. വിശുദ്ധഖുർആനിൽ അല്ലാഹു (ത) കല്പിച്ച പ്രകാരം അനന്തരാവകാശ സ്വത്ത് വിഭജനം സംബന്ധിച്ചുള്ള നിയമപ്രകാരം, വിഭജനം നടത്തേണ്ടതാണ് എന്ന് അവനറിയണം. ഈ വിഷയം സംബന്ധമായി വളരെ വിശദമായി അല്ലാഹു(ത) വിവരിച്ചിട്ടുള്ളതുമാകുന്നു. ആയതിനാൽ അതിന് വളരെ വലിയ ഗൗരവം കല്പിക്കേണ്ടതുമാണ്. കൂടുതൽ കുട്ടികളുള്ള ആളുകൾ, വസിയ്യത്തിലൂടെ ആളുകൾക്ക് അഥവാ ധനം, സമ്പത്ത് ജമാഅത്തിന് നല്കുന്നതിന്കുറിച്ച് ചിന്തിക്കാതിരിക്കുന്നതിന്, പരിശുദ്ധ പ്രവാചകൻ(സ) അംഗീകാരം നല്കിയിരിക്കുന്നു. ഹസ്രത് മുഹമ്മദ്(സ) പ്രസ്താവിച്ചിരിക്കുന്നു. ധാരാളം കുട്ടികൾ ഉള്ള ആളുകൾ ഭുസ്വത്ത് 1/3 സ്വത്ത് വസിയ്യത്തിലൂടെ മാറ്റിവെയ്ക്കുന്നത് (ഒരു രീതിയിൽ പറഞ്ഞാൽ) ഒരു കടുംകയ്യാണ് (ബുഖാരി)

മൗറിഷ്യസിൽ ധനവാന്മാരായ വളരെയധികം ആളുകൾ (അല്ലാഹുവിന്റെ മാർഗത്തിൽ) ഒസ്യയത്തായി നല്കിയ വഖ്ഫുകൾ, ഉപയോഗിക്കാതെ, അവഗണിച്ച് ഇട്ടിരിക്കുന്നതായി ഞാൻ കാണുന്നു. ഇത് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിൽ പലപ്പോഴും ഭിന്നിപ്പ് സൃഷ്ടിക്കുന്നുണ്ട്. മുസ്ലിംകളോടുള്ള എന്റെ ഉപദേശം, അല്ലാഹുവിന്റെ മാർഗത്തിൽ വഖ്ഫായി നല്കുന്നതിനു പകരം, വഖ്ഫ് ചെയ്യുന്ന വ്യക്തിയുടെ ജീവിത സമയത്തുതന്നെ, അദ്ദേഹം ഒരു കെട്ടിടം നിർമ്മിച്ച് നല്കിയാൽ, അതിൽ നിന്ന് വാടക ഇനത്തിൽ വരുമാനം ലഭിക്കുന്നതാണ്, അത് ഇസ്ലാമിക സ്ഥാപനങ്ങൾക്ക് പ്രയോജനമായി തീരുന്നതാണ്,

1. അതുകൊണ്ട് ഒരാൾ മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ ശവസംസ്കാര ത്തിന് ആവശ്യമായ ചെലവുകൾ നിർവ്വഹിച്ചശേഷം
2. അദ്ദേഹത്തിന്റെ അവശേഷിച്ച കടങ്ങൾ എല്ലാം വീട്ടികഴിഞ്ഞാൽ
3. വസിയ്യത്ത് എന്തെങ്കിലും ഉണ്ടെങ്കിൽ അത് നടപ്പിലാക്കിയശേഷം
4. ബാക്കിയുള്ളത് അദ്ദേഹത്തിന്റെ അനന്തരാവകാശികൾക്കായി വീതി ക്കേണ്ടതാണ്.

## അനന്തരാവകാശികളെ തരംതിരിക്കൽ

രണ്ട് രീതിയിലുള്ള അനന്തരാവകാശികളുണ്ട്.

1. വിശുദ്ധഖുർആൻ നിശ്ചയിച്ചിട്ടുള്ള ഓഹരി ലഭിക്കുന്ന അനന്തരാവ കാശികൾ അത്തരം ആളുകളെ ഫറാഇസ് എന്നുപറയുന്നു.

2. ഫറാഇസ് വിഭാഗത്തിൽപ്പെട്ടവർ അവരുടെ ഓഹരികൾ എടു ത്തശേഷം ബാക്കിവരുന്ന ധനം സ്വീകരിക്കുവാൻ അവകാശപ്പെട്ട അന ന്തരാവകാശികൾ ഈ വിഭാഗത്തിൽപ്പെടുന്ന അനന്തരാവകാശികളെ അസാബാ എന്ന പേരിൽ അറിയപ്പെടുന്നു. മരണപ്പെട്ട വ്യക്തിയുടെ കുടുംബ ശ്യംഖലയിലെ പുരുഷന്മാരെയാണ് നേരിട്ടുള്ള അസാബാ എന്നു പറയുന്നത് ഇതിൽ സ്ത്രീകൾക്ക് ഓഹരി ഉണ്ടായിരിക്കില്ല.

ധനം വിഭജിക്കപ്പെടുന്നത് ഫറാഇസ് വിഭാഗത്തിൽപ്പെടുന്ന അനന്ത രാവകാശിയിരിക്കണം നിശ്ചിതവിഹിതം ആരംഭിക്കേണ്ടത്, അതിനുശേഷം അവശേഷിക്കുന്നത് അസാബാ വിഭാഗത്തിൽ പെടുന്നവർക്കായിരിക്കും. ഫറാഇസ് വിഭാഗത്തിൽപ്പെട്ട അനന്തരാവകാശികൾ ഇല്ലെങ്കിൽ അവശേ ഷിക്കുന്ന എല്ലാധനവും നിശ്ചിത ഓഹരിയിൽ ഫറാഇസ് വിഭാഗക്കാർക്ക് എടുക്കാവുന്നതാണ്

ഇനി ഫറാഇസ് വിഭാഗത്തിലും, അസാബാ വിഭാഗത്തിലും ആരു മില്ലെങ്കിൽ ഭവിൽ അർഹാം (രക്തബന്ധുക്കൾക്ക്) കാർക്ക് ധനത്തിന്റെ ഒരോഹരി എടുക്കാവുന്നതാണ്. രക്തബന്ധുക്കൾ (ദവിൽ അർഹാം) എന്നു പറയുന്നത് മരണപ്പെട്ട വ്യക്തിയുടെ അടുത്ത ബന്ധുക്കളാകുന്നു, അവർ ഫരോഇസ് വിഭാഗത്തിലും, അസാബ വിഭാഗത്തിലുംപെടുന്നവരല്ല, ഉദാ ഹരണമായി പറഞ്ഞാൽ മാതൃസാഹഹോദരൻ

ഫറാഇസ് വിഭാഗത്തിലും, അസാബ വിഭാഗത്തിലും, ദവിൽ അർഹാം വിഭാഗത്തിലും അദ്ദേഹത്തന്റെ അനന്തകാവകാശികളായി ആരു മില്ലെങ്കിൽ, അപ്പോൾ പ്രസ്തുത വ്യക്തി ഒരു ഇഷ്ടദാനം പള്ളിക്കായി ജമാഅത്തിനായി ചമച്ചുവെച്ചിട്ടുണ്ടെങ്കിൽ, അത്തരം സന്ദർഭങ്ങളിൽ അദ്ദേ ഹത്തിന്റെ ധനം മുഴുവനും പള്ളിക്ക് /ജമാഅത്തിന് എടുക്കാവുന്നതാകു ന്നു. അദ്ദേഹത്തിന്റെ വസിയ്യത്തിലൂടെ ലഭിച്ച ധനം മുഴുവൻ എടുക്കുന്ന

തിന്, പള്ളിക്ക് / ജമാഅത്തിന് അവകാശമുണ്ടായിരുക്കുന്നതാണ്

തന്റെ ധനത്തിൽ വസിയ്യത്ത് ഒന്നുംതന്നെ തയ്യാറാക്കിയിട്ടുണ്ടായിരുന്നില്ലെങ്കിൽ, ഞാൻ മുകളിൽ പറഞ്ഞതനുസരിച്ചുള്ള അനന്തരാവകാശികൾ ആരും തന്നെയില്ലെങ്കിൽ അതായത് (ഫറാഇസ്, അസാബാഹ, ദവിൽ അർഹാം) അത്തരം സാഹചര്യത്തിൽ ഇത്തരം ആളിന്റെ ധനം, എല്ലാംതന്നെ, ബൈത്തുൽമാലിന്റെ അധീനതയിലേക്ക് പോകുന്നതാണ്. ഇക്കാര്യം ജമാഅത്ത് മനസ്സിലാക്കേണ്ടതാണ്, അല്ലെങ്കിൽ തഖ്‌വയുടെ അടിസ്ഥാനത്തിൽ ഭരണം നടത്തുന്ന ഒരു ഇസ്ലാമിക രാജ്യത്തു ഇത്തരം വ്യക്തിയെ കണ്ടെത്തിയാൽ, സ്ഥലത്തെ ഇസ്ലാമിക ഗവൺമെന്റിനെ അറിയിക്കേണ്ടതാണ്. ഇസ്ലാമിക ഭരണം നടത്താത്ത സ്ഥലത്ത് ഇത് ബാധകമല്ല. ഖുർആനും സുന്നത്തുമനുസരിച്ചാണ് വസിയ്യത്ത് സ്വത്തുകൾ കൈകാര്യം ചെയ്യേണ്ടത്. അല്ലെങ്കിൽ ഒരു ഇസ്ലാമിക സ്ഥാപനം, ഈ ധനം, ഇസ്ലാമിന്റെ പുരോഗതിക്കായി ചെലവഴിക്കേണ്ടതാണ്. അല്ലാഹു (ത) സമ്പൂർണ്ണമാക്കിയ മതമാണത്.

## അനന്തരാവകാശ സ്വത്ത് പങ്കുവെയ്ക്കൽ

ഖുർആൻ നിശ്ചയിച്ച ഓഹരികളെപറ്റി നമുക്കൊന്നു നോക്കി കാണാം - ഫറാഇസ്

1.പിതാവ് : a) മരണപ്പെട്ട വ്യക്തിയുടെ പിതാവിന് 1/6 ലഭിക്കുന്നതാണ്. മരണപ്പെട്ട ആളിന് മകനോ അല്ലെങ്കിൽ മകന്റെ മകനോ ഉണ്ടെങ്കിൽ! (അതായത് മരണപ്പെട്ട വ്യക്തിയുടെ ആൺ പേരക്കുട്ടി) അല്ലെങ്കിൽ മരണപ്പെട്ട ആളിന്റെ മകന്റെ മകന്റെ മകൻ)

b) മരണപ്പെട്ട പുത്രിയുടെ മുമ്പിൽ അസാബ ആയിതീരുന്ന പിതാവിന് 1/6 ലഭിക്കുന്നതാണ്. അല്ലെങ്കിൽ തന്റെ മകന്റെ പുത്രീയോ അല്ലെങ്കിൽ തന്റെ മകന്റെ പുത്രിയുടെ പുത്രീയോ ആയാലും ശരി!

c) മരണപ്പെട്ട ആളിന് സന്താനമില്ലെങ്കിൽ പിതാവ് അസാബ ആയി തീരുന്നതാണ്. തന്റെ പുത്രനിലൂടെ പുത്രന്റെ പുത്രനോ, പുത്രീയോ ഇല്ലെങ്കിലും ശരി!

2. തന്റെ പിതാവിന്റെ പിതാവ് : പിതാവിന്റെ പിതാവിന് അനന്തരാവകാശ സ്വത്തിന്റെ ഒരു ഭാഗം കിട്ടുന്നതാണ്. താൻ മരണപ്പെടുന്ന സമയത്ത് മരണപ്പെട്ട ആളിന്റെ പിതാവ് മരണപ്പെട്ടുപോയെങ്കിൽ! ഇത്തരം സാഹചര്യത്തിൽ, പിതാവിന്റെ പിതാവിന് 1/6 ഓഹരി തന്നെ ലഭിക്കുന്നതാണ്. ഞാൻ മുകളിൽ വിശദീകരിച്ച മൂന്ന് സാഹചര്യങ്ങളിലും അതായത് 1. (a) (b) £ (c) പിതാവിന് ലഭിക്കുന്നതുപോലെ! എന്നാൽ, പിതാവ് ജീവിച്ചിരിപ്പുണ്ടെങ്കിൽ, പിതാവിന്റെ പിതാവിന് ഒന്നും തന്നെ ലഭിക്കുന്നതല്ല താനും

3. ഒരേ മാതാവിലുള്ളതും എന്നാൽ വിവിധ പിതാക്കന്മാരിലുള്ള തുമായ സഹോദരീസഹോദരന്മാർക്കുള്ള വിഹിതം (a) ഇത്തരം ഒരു സഹോദരൻ അല്ലെങ്കിൽ ഒരു സഹോദരി മാത്രമാണുള്ളതെങ്കിൽ അവർക്ക് 1/6 ലഭിക്കുന്നതാണ്. എന്നാൽ അവർ, രണ്ടോ അതിൽ കൂടുതലോ, ആണെങ്കിൽ അവർക്ക് 1/3 ഓഹരി വീതം ലഭിക്കുന്നതാണ്. പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം അവർക്കെല്ലാം കൃത്യമായി 1/3 വീതം അനന്ത രാവകാശസ്വത്ത് കിട്ടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

(b) മരണപ്പെട്ട ആളിന്റെ പുത്രനിലൂടെയുള്ള കുട്ടികളോ പേരക്കു ട്ടികളോ ഉണ്ടെങ്കിൽ, ഒരേ മാതാവിലുള്ളതും എന്നാൽ വിവിധ പിതാക്ക ന്മാരിലുള്ളതുമായ സഹോദരീ സഹോദരന്മാർക്ക് ഒന്നും തന്നെ ലഭിക്കു ന്നതല്ല

(c) മരണപ്പെട്ട ആളിന്റെ പിതാവോ, പിതാവിന്റെ പിതാവോ ജീവി ച്ചിരുപ്പുണ്ടെങ്കിൽ, ഒരേ മാതാവിലുള്ളതും, എന്നാൽ വിവിധ പിതാവോ ജീവിച്ചിരുപ്പുണ്ടെങ്കിൽ, ഒരേ മാതാവിലുള്ളതും, എന്നാൽ വിവിധ പിതാ ക്കന്മാരിലുള്ളതുമായ സഹോദരീ സഹോദരന്മാർക്ക് ഒന്നും തന്നെ ലഭി ക്കുന്നതല്ല.

4. ഭർത്താവ് : (a) മരണപ്പെട്ട തന്റെ ഭാര്യയ്ക്ക് കുട്ടി ഇല്ലെങ്കിൽ (പു ത്രൻ അല്ലെങ്കിൽ പുത്രി) അഥവാ പേരമകൻ ഇല്ലെങ്കിൽ, ഭർത്താവിന് അനന്തരാവകാശമമായി അവളുടെ ധനത്തിന്റെ പകുതി ലഭിക്കുന്നതാണ്.

(b) മേൽപറഞ്ഞ പ്രകാരമുള്ള കുട്ടികളുണ്ടെങ്കിൽ ഭർത്താവിന്, അനന്തരാവകാശ സ്വത്തിൽ 1/4 ലഭിക്കുന്നതാണ്.

5. ഭാര്യ/ഭാര്യമാർ

(a) മരണപ്പെട്ട ആളിന് ഭാര്യ അല്ലെങ്കിൽ ഭാര്യമാരുണ്ടെന്നിരിക്ക ട്ടെ, അവർക്ക് കുട്ടി, അല്ലെങ്കിൽ പേരക്കുട്ടി അല്ലെങ്കിൽ മകന്റെ മകന്റെ കുട്ടി ഇല്ലെന്നുവരുകിൽ ഭാര്യയ്ക്ക് അഥവാ ഭാര്യമാർക്ക് അനന്തരാവകാശ സ്വത്തിന്റെ 1/4 ലഭിക്കുന്നതാണ്.

(b) മേൽ പ്രസ്താവിച്ച തരത്തിൽ കുട്ടി ഉണ്ടെങ്കിൽ ഭാര്യയ്ക്ക് അഥവാ ഭാര്യമാർക്ക് 1/8 ലഭിക്കുന്നതാണ്.

6. പൂർണ്ണപുത്രീ

ഒരേ മാതാവിൽ നിന്നും ഒരേ പിതാവിൽ നിന്നുമുള്ള മകൾ

(a) ഒരൊറ്റ മകൾ മാത്രമെ ഉള്ളുവെങ്കിൽ ധനത്തിന്റെ പകുതി ലഭി ക്കുന്നതാണ്.

(b) രണ്ടോ അതിൽ കൂടുതലോ പുത്രീമാരുണ്ടെങ്കിൽ, അവർക്ക് 2/3 സ്വത്ത് ലഭിക്കുന്നതാണ്. 2/3 സ്വത്ത് അവർക്കെല്ലാവർക്കുമായി വീതി

ച്ചെടുക്കാവുന്നതാണ്.

(c) മകളോടൊപ്പം ഒരു മകനും ഉണ്ടെന്നിരിക്കട്ടെ, അത്തരം സാഹചര്യത്തിൽ മകൻ മകളെ അസാബ ആക്കിമാറ്റുന്നു. അപ്പോൾ മകന് കിട്ടുന്നതിന്റെ 1/2 ഓഹരിയായിരിക്കും മകൾക്ക് ലഭിക്കുന്നത്. അതായത് മകൾക്ക് കിട്ടുന്നതിന്റെ ഇരട്ടി ആയിരിക്കും മകന് ലഭിക്കുന്നത് (2:1)

7. പുത്രീയുടെ പുത്രൻ

(a) അവൻ ഒറ്റയ്ക്കാണെങ്കിൽ അവന് 1/2 സ്വത്ത് ലഭിക്കുന്നതാണ്.
(b) മരണപ്പെട്ട ആളിന്റെ പൂർണ്ണപുത്രീയുടെ അഭാവത്തിൽ, രണ്ടോ അതിൽ കൂടുതലോ പുത്രിയുടെ പുത്രർക്ക് ഉണ്ടെങ്കിൽ അവർക്ക് 2/3 ലഭിക്കുന്നതാണ്.

(c) ഒരു പൂർണ്ണപുത്രീ മാത്രമാണെങ്കിൽ, അവർക്ക് (പേരകുട്ടികൾക്ക്) 1/6 ലഭിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, പേരക്കുട്ടിയും, പൂർണ്ണപുത്രീയും കൂടി 2/3 സ്വത്തിന്റെ ഉടമകളായിതീരുന്നതാണ്.

(d) രണ്ട് പൂർണ്ണപുത്രീമാരോ അതിൽകൂടുതലോ ഉണ്ടെങ്കിൽ, അവർക്ക് പുത്രീയുടെ പുത്രന് അനന്തരാവകാശമായി ഒന്നും തന്നെ ലഭിക്കുന്നതല്ല. ഇപ്രകാരം ലഭിക്കുന്നത് അവരുടെ കുടുംബതലമുറയിൽ ആൺമക്കൾ ഇല്ലെങ്കിലാണ്. ഇനി ആൺമക്കളുണ്ടെങ്കിൽ അപ്പോൾ പ്രസ്തുത പെൺമക്കളെ അസാബ ആക്കിമാറ്റുന്നതാണ്. അത്തരം സന്ദർഭത്തിൽ പുരുഷനു ലഭിക്കുന്നതിന്റെ പകുതി സ്ത്രീക്കു ലഭിക്കുന്നതാണ് (2:1)

(e) (മരണപ്പെട്ട ആളിന്റെ മകൻ) ഒരു മകൻ ഉണ്ടെങ്കിൽ പേരക്കുട്ടികൾക്ക് ഒന്നും തന്നെ ലഭിക്കുന്നതല്ല.

8. പൂർണ്ണസഹോദരി (ഒരേ മാതാപിതാക്കളിൽ നിന്നുള്ളത്)

(a) ഒരേ ഒരു സഹോദരീ മാത്രമുള്ളപ്പോൾ (നേരിട്ടുള്ള മറ്റു അനന്തരാവകാശികളൊന്നും ഇല്ലാതിരിക്കുന്ന അവസ്ഥയിൽ) അവർക്ക് ധനത്തിന്റെ പകുതി ലഭിക്കുന്നതാണ്.

(b) രണ്ടോ അതിൽ കൂടുതലോ സഹോദരിമാരാണെങ്കിൽ അവർക്ക് ധനത്തിന്റെ 2/3 ലഭിക്കുന്നതാണ്,

(c) ഒരു സഹോദരനുണ്ടെങ്കിൽ, അല്ലെങ്കിൽ സഹോദരൻമാരുണ്ടെങ്കിൽ, സഹോദരിമാരോടൊപ്പം, അപ്പോൾ സഹോദരൻ സഹോദരിയെ അസാബാ ആക്കിമാറ്റുന്നതാണ്. അത്തരം സാഹചര്യത്തിൽ സഹോദരന്മാർക്കു ലഭിക്കുന്ന സ്വത്തിന്റെ പകുതി സഹോദിരമാർക്ക് ലഭിക്കുന്നതാണ് (2:1)

(d) ഒരു മകളുള്ള സന്ദർഭത്തിൽ അല്ലെങ്കിൽ മകളുടെ മകൻ

ഉണ്ടെങ്കിൽ (മരണപ്പെട്ട ആളിന്റെ പേരക്കുട്ടി) അപ്പോഴും അവർ അവരോടൊപ്പം അസാബാ ആയിമാറും.

(e) മരണപ്പെട്ട ആളിന്റെ പുത്രന്റെ പുത്രനോ, പുത്രന്റെ പുത്രന്റെ പുത്രനോ, (പുത്രന്റെ സന്താന പരമ്പരയിലൂടെയുള്ള പേരമകൻ, പേരമകന്റെ മകൻ) ഉണ്ടെങ്കിൽ പൂർണ്ണസഹോദരിക്കു ഒന്നും തന്നെ ലഭിക്കുന്നതല്ല.

## 9. ഒരേ പിതാവും വിവിധ മാതാക്കളിലൂടെയുള്ള സഹോദരിമാർ

(a) അവൾ ഒറ്റയ്ക്കാണെങ്കിൽ അവൾക്ക് 1/2 സ്വത്തിന് അവകാശമുണ്ടായിരിക്കും. (മറ്റവകാശികൾ ആരുമില്ലെങ്കിൽ)

(b) അവർ രണ്ടോ അതിൽ കൂടുതലോ ഉണ്ടെങ്കിൽ പൂർണ്ണസഹോദരിയുടെ അഭാവത്തിൽ, അവർക്ക് 2/3 ലഭിക്കുന്നതാണ്.

(c) ഇനി ഒരു പൂർണ്ണസഹോദരിയുണ്ടെങ്കിൽ 2/3 സ്വത്ത് പൂർണ്ണസഹോദരിക്കും, 1/6 അർത്ഥസഹോദരിക്കും ലഭിക്കുന്നതാണ്.

(d) അർത്ഥസഹോദരിമാർക്ക് സാധാരണയായി ഒന്നും ലഭിക്കില്ല. രണ്ടു പൂർണ്ണസഹോദരിമാരുണ്ടാവുകയും അവരോടൊപ്പം ഒരു അർത്ഥസഹോദരൻ ഇല്ലാതിരിക്കുകയും ചെയ്താൽ അപ്പോൾ അവർ അസാബ് ആയി തീരുകയും സഹോദരന്മാർക്ക് കിട്ടുന്നതിന്റെ പകുതി സഹോദരിമാർക്ക് ലഭിക്കുന്നതുമാണ്.(2:1)

(e) പുത്രീമാരും അഥവാ പേരക്കുട്ടികളും (പുത്രീയുടെ പുത്രന്മാർ) 8(d)യിൽ ഞാൻ പറഞ്ഞതു പ്രകാരം ഉണ്ടെങ്കിൽ അവർ അസാബ ആയി തീരുന്നതാണ്.

(f) ഒരേ മാതാപിതാക്കളുടെ രണ്ടിലധികം സന്താനങ്ങൾ അഥവാ അർത്ഥ സന്താനങ്ങൾക്ക് ഒന്നും തന്നെ ലഭിക്കുന്നതല്ല. പുത്രൻ അഥവാ പുത്രന്മാരുണ്ടെങ്കിൽ, പേരക്കുട്ടികൾ ഉണ്ടെങ്കിൽ, പേരിക്കുട്ടികളുടെ പുത്രന്മാരുണ്ടെങ്കിൽ, (മരണപ്പെട്ട ആളിന്റെ) പിതാവുണ്ടെങ്കിൽ അല്ലെങ്കിൽ പിതാവിന്റെ പിതാവുണ്ടെങ്കിൽ!

(g) ഒരു പൂർണ്ണസഹോദരനും ഒരു പൂർണ്ണസഹോദരിയുമുണ്ടെങ്കിൽ, അർത്ഥ സഹോദരീ സഹോദരന്മാർ അസാബ ആയിതീരുകയും അവർക്കൊന്നും ലഭിക്കുന്നതുമല്ല.

## 10. അമ്മ/മാതാവ് :

(a) കുട്ടികൾ(ആൺ/പെൺ) അല്ലെങ്കിൽ പേരക്കുട്ടികൾ (തന്റെ പുത്രന്മാരിലൂടെയോ പുത്രീമാരിലൂടെയോയുള്ള രക്തബന്ധത്തിലൂടെയുള്ള ആൺ/പെൺകുട്ടികൾ) അല്ലെങ്കിൽ രണ്ട് സഹോദരന്മാർ അല്ലെങ്കിൽ

രണ്ട് സഹോദരിമാർ ഉണ്ടെങ്കിൽ മാതാവിന് 1/6 ലഭിക്കുന്നതാണ്.

(b) ഈ പറയപ്പെട്ട ആരും തന്നെയില്ലെങ്കിൽ, അവൾക്ക് 1/3 സ്വത്ത് ലഭിക്കുന്നതാണ്.

(c) മരണപ്പെട്ട വ്യക്തിയുടെ ഭർത്താവിന് (മരണപ്പെട്ടത് സ്ത്രീ ആണെങ്കിൽ) അല്ലെങ്കിൽ മരണപ്പെട്ട വ്യക്തിയുടെ ഭാര്യയ്ക്ക് (മരണപ്പെട്ടത് പുരുഷനാണെങ്കിൽ) അർഹമായ സ്വത്ത് വിഭജിച്ച ശേഷം അവശേഷിക്കുന്നതിൽ നിന്ന് 1/3 അവൾക്ക് (മാതാവിന്) ലഭിക്കുന്നതാണ്. ഇങ്ങനെ ചെയ്യേണ്ടത് മാതാവും പിതാവും ഭർത്താവിനോടൊപ്പം അല്ലെങ്കിൽ മാതാവും പിതാവും ഭാര്യയോടൊപ്പം കഴിയുമ്പോൾ മാത്രമാണ്. മരണപ്പെട്ട വ്യക്തിക്ക് പിതാവില്ലെങ്കിൽ (അദ്ദേഹം മരണപ്പെട്ടുപോയെങ്കിൽ) എന്നാൽ അദ്ദേഹത്തിന്റെ പിതാവിന്റെ അർത്ഥ പിതാവ് ജീവിച്ചിരുക്കുന്നുവെങ്കിൽ, അത്തരം സാഹചര്യത്തിൽ മരണപ്പെട്ട ആളിന്റെ മാതാവിനെ അദ്ദേഹത്തിന്റെ അവശേഷിക്കുന്ന സ്വത്തിൽ നിന്ന് 1/3 ലഭിക്കുന്നതാണ്. (ഇക്കാലത്ത് അനന്തരാവകാശ സ്വത്ത് വിഭജനവേളയിൽ മാതാപിതാക്കളുടെ കാര്യം പരിഗണിക്കുന്നില്ല എന്നത് വളരെ ദൗർഭാഗ്യതരം തന്നെ)

## 11. പിതാവിന്റെ മാതാവും മാതാവിന്റെ മാതാവും

(a) ഈ രണ്ട് രീതിയിലുള്ള, വല്ല്യമ്മമാർക്കും 1/6 സ്വത്ത് അനന്തരാവകാശമായി നല്കേണ്ടതാണ്.

(b) മാതാവ് ജീവിച്ചിരിപ്പുണ്ടെങ്കിൽ ഇവർ ഇരുവർക്കും ഒന്നും തന്നെ ലഭിക്കുന്നതല്ല.

(c) പിതാവ് ജീവിച്ചിരിക്കുന്നുവെങ്കിൽ പിതാവിന്റെ മാതാവിന് ഒന്നും ലഭിക്കുന്നതല്ല; അല്ലെങ്കിൽ പിതാവിന്റെ പിതാവ് (അതായത് അവരുടെ ഭർത്താവ്) ജീവിച്ചിരിക്കുന്നുവെങ്കിൽ (അവർക്കൊന്നും ലഭിക്കുന്നതല്ല) എന്നാൽ അവളും (തന്റെ പിതാവിന്റെ മാതാവ്) തന്റെ മാതാവും, (പിതാവിന്റെ മാതാവിന്റെ മാതാവും) അല്ലെങ്കിൽ പിതാവിന്റെ മാതാവിന്റെ മാതാവിനും അനന്തരാവകാശമായി സ്വത്ത് ലഭിക്കുന്നതാണ്. അവന്റെ പിതാവിന്റെ പിതാവ് ജീവിച്ചിരിക്കുകയാണെങ്കിൽ പോലും ! (മരണപ്പെട്ട ആളിന്റെ പിതാവ് ജീവിച്ചിരിക്കുകയാണെങ്കിൽ മുത്തച്ഛൻമാർക്ക് അനന്തരവകാശമായി ഒന്നും ലഭിക്കുന്നതല്ല. ശ്രദ്ധിക്കേണ്ട് ഒരു കാര്യം നേരിട്ട് കുടുംബബന്ധമുള്ളവർ, അകന്ന ബന്ധമുള്ളവർക്ക്, അനന്തരവകാശ സ്വത്ത് നല്കുന്നതിനെ പരിമിതപ്പെടുത്തുന്നു. നേരിട്ടു രക്തബന്ധമുള്ളവർക്ക് മുൻഗണന ലഭിക്കുന്നു. കുടുംബത്തിലെ അകന്ന രക്തബന്ധമുള്ളവർക്ക് അതിന് ശേഷം മാത്രമാണ് പരിഗണന.

കഴിഞ്ഞകാലഘട്ടത്തിൽ ശരീഅത്ത് അനുസരിച്ച് അനന്തരാവകാശ

## സ്വത്ത് വീതിച്ചിട്ടില്ലെങ്കിൽ

കഴിഞ്ഞ കാലഘട്ടങ്ങളിൽ നമ്മുടെ വല്യാപ്പമാർ ശരീഅത്ത് അനുസരിച്ച് സ്വത്ത് വിതരണം നടത്തിയിട്ടില്ലെങ്കിൽ ശരീഅത്ത് അനുസരിച്ച് വീണ്ടും വിഭജനം നടത്തേണ്ടതും അത് ശരിയാക്കുകയും ചെയ്യേണ്ടത് നമ്മുടെ ബാധ്യതയാണ്. കഴിഞ്ഞ കാലഘട്ടത്തിലെ അത്തരം തെറ്റുകളെ നാം ശരിയാക്കുന്നല്ലായെങ്കിൽ നാം നാളെ അല്ലാഹുവിന്റെ മുൻപിൽ കണക്ക് ബോധിപ്പിക്കേണ്ടി വരുന്നതാണ്. നാം ഒരു പക്ഷേ, ദൗർഭാഗ്യവശാൽ അനർഹമായ സ്വത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുകയായിരിക്കാം. പ്രസ്തുത സ്വത്ത് നമ്മുടേതായിരിക്കണമെന്നില്ല. ഉദാഹരണത്തിന് നമ്മുടെ പുത്രീമാർക്ക് (അതായത് നമ്മുടെ മാതാക്കൾക്ക്) കഴിഞ്ഞ കാലത്ത് അവരുടെ സഹോദരന്മാർക്ക് ലഭിച്ച അതേ ഓഹരിതന്നെ ലഭിച്ചിട്ടുണ്ടാകും. ഇത് ശരിയാക്കേണ്ടതാണ്. പ്രസ്തുത സഹോദരീമാർ അവർക്ക് അർഹതയില്ലാത്ത സ്വത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുകയാകാം. അതിന്റെ ഒരുഭാഗം അവർക്ക് അർഹതപ്പെടാത്തതാണ്. അതുകൊണ്ട് തന്നെ ഒരു ഭാഗം ഹറാമായ സ്വത്ത് അവർ ഭുജിച്ചു കൊണ്ടിരിക്കുകയാണ്. ഇത് തിരുത്തേണ്ടതാണ് തന്റെ മകന്റെ മരണസമയത്ത് മാതാവ് ജീവിച്ചിരിക്കുകയാണെങ്കിൽ, എന്നിട്ട് അവർക്ക് തന്റെ അനന്തരാവകാശ സ്വത്തിന്റെ ഓഹരി ലഭിച്ചതുമില്ലാ എങ്കിൽ, അത്തരം സാഹചര്യത്തിൽ അവളുടെ ഓഹരി അവൾക്കായി വീണ്ടെടുക്കേണ്ടതാണ്. വിധിനാൾ വരുന്നതിനു മുൻപ്! ഇല്ലെങ്കിൽ അന്നാളിൽ അവളുടെ ഓഹരി അവൾ അവകാശപ്പെടുന്നതാണ്.

## മുൻപ് നടന്ന വിവാഹത്തിലുള്ള ഭാര്യയുടെ കുട്ടികൾ

ഒരു സ്ത്രീക്ക് മറ്റൊരു ഭർത്താവിൽ കുട്ടികളുണ്ടെങ്കിൽ അവർ പ്രസ്തുത ഭർത്താവിൽ നിന്ന് മറ്റൊരു പുരുഷനുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടാൽ, അപ്പോൾ മുൻഭർത്താവിൽ നിന്ന് ഉണ്ടായ കുട്ടികൾക്ക്, അവളുടെ ഇപ്പോഴത്തെ പുതിയ ഭർത്താവിൽ നിന്നുള്ള യാതൊരു ഓഹരിയും, അവളുടെ മുൻഭർത്താവിലുള്ള കുട്ടികൾക്ക്, ലഭിക്കുന്നതല്ല.

## നിയമപ്രകാരമുള്ള കുട്ടിയുടെ അനന്തരാവകാശ സ്വത്ത്

ശരീഅത്ത് നിയമപ്രകാരം, നിക്കാഹിലൂടെ തന്റെ മാതാപിതാക്കളിൽ നിന്നും ജനിച്ച നിയമസാധ്യതയുള്ള കുട്ടിയാണ്. അതുകൊണ്ടു തന്നെ അവന്റെ മാതാപിതാക്കളിൽ നിന്നുള്ള സ്വത്തിന്റെ അനന്തരാവകാശിയുമാകുന്നു. നിയമാനുസൃതമായ ഒരു സ്ത്രീയുടെ ഗർഭകാലം ശാരീരികമായി ജന്മം നല്കുന്ന പ്രസ്തുത കുട്ടി ആറ് മാസത്തിനും രണ്ട് വർഷത്തിനുമിടയിലായിരിക്കുമെന്ന് ശരീഅത്ത് സാക്ഷ്യം വഹിക്കുന്നു.

## വിശദീകരണം

നിക്കാഹ് തീയതിയ്ക്ക് ശേഷം അഞ്ച് മാസത്തിനകം കുട്ടി ജനിക്കുകയാണെങ്കിൽ, അല്ലെങ്കിൽ പിതാവിന്റെ (മാതാവിന്റെ ഭർത്താവ്) മരണ ശേഷം രണ്ടുവർഷത്തിൽ കൂടുതൽ കഴിഞ്ഞശേഷം ജനിക്കുകയാണെങ്കിൽ, അത്തരം കുട്ടി, പിതാവിന്റെ നിയമാനുസൃതമായ സന്താനമായിരിക്കില്ല. അതുകൊണ്ട് തന്നെ അദ്ദേഹത്തിൽ നിന്നുള്ള അനന്തരാവകാശ സ്വത്തിന് അർഹതയുമുണ്ടായിരിക്കില്ല.

എന്നാൽ ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു ആകുന്നു. ഇതിൽ നിന്ന് ഭിന്നമായ കാര്യങ്ങൾ അല്ലാഹു വെളിപ്പെടുത്തിയേക്കാം. അസാധാരണമായ അത്ഭുതദൃഷ്ടാന്തങ്ങളിലൂടെ!

ഉമർഇബ്ന് ഖത്താബ് (റ) ന്റെ ഖിലാഫത്ത് സമയത്ത് ഉണ്ടായതും നടപ്പിലാക്കിയതുമായ ഒരു നിയമവിധിയുടെ സംഭവ കഥ ഇവിടെ പ്രതിപാദിക്കുകയയാണ്. വിവാഹശേഷം ആറുമാസം കഴിഞ്ഞ് പ്രസവിച്ച ഒരു സ്ത്രീയെ ഉമറുൽഫാറൂഖ്(റ)ന്റെ മുൻപിൽ ഹാജരാക്കപ്പെട്ടു. അവളുടെ കാര്യത്തിൽ വിധികല്പിക്കുവാനായി. ഹസ്രത് ഉമർ(റ) അവൾ വ്യഭിചാര വൃത്തിയിൽ ഏർപ്പെട്ടിരിക്കാം എന്നു കരുതി കല്ലേറിയുവാൻ കല്പിച്ചു. അതേ തുടർന്ന്, അവളുടെ മേൽ ശിക്ഷ നടപ്പിലാക്കുവാനായി അവളെ അതിനായുള്ള സ്ഥലത്തേക്ക്, ആനയിക്കപ്പെട്ടു. അപ്പോഴേയ്ക്കും ഹസ്രത് അലി(റ) ഈ കാര്യം അറിഞ്ഞു. ഉടൻ തന്നെ അദ്ദേഹം ഹസ്രത് ഉമറുൽഫാറൂഖ്(റ) നെ സന്ദർശിക്കുവാനായി പുറപ്പെട്ടു. എന്നിട്ട് അദ്ദേഹം പറഞ്ഞു പ്രസ്തുത സ്ത്രീ പ്രസ്തുത ശിക്ഷയ്ക്ക് അർഹയല്ല കാരണം, അല്ലാഹു (ത) അവന്റെ ഗ്രന്ഥത്തിൽ പറയുന്നു. അവനെ ഗർഭം ധരിക്കുന്നതിനും അവന്റെ മുലകുടി നിറുത്തുന്നതിനും ചുരുങ്ങിയത് 30 മാസക്കാലമെടുക്കുന്നു. (46:16) എന്നിട്ട് അദ്ദേഹം പറഞ്ഞു. മാതാക്കൾ അവരുടെ ശിശുക്കൾക്ക് പൂർണ്ണമായും രണ്ടു വർഷം മുലകൊടുക്കേണ്ടതാണ്. (നിശ്ചിതകാലം വരെ) മുലയൂട്ടൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നവർക്കത്രെ ഈ വിധി (2:234) അപ്പോൾ ഗർഭാവസ്ഥ, ഗർഭകാലം ആറ് മാസവുമാകാം. അതുകൊണ്ട് പ്രസ്തുത സ്ത്രീകല്ലേറിയപ്പെടാൻ അർഹയല്ല. (മുവത്വ ഇമാം മാലിക്ക്) ഇതുകേട്ടപ്പോൾ ഹസ്രത് ഉമറുൽഫാറൂഖ്(റ) തന്റെ തെറ്റായ വിധി മനസ്സിലാക്കുകയും, അതിൽ നിന്ന് പിന്തിരിയുകയും ചെയ്തു

ഈ സംഭവം കഥയിലൂടെയും പ്രസവകാലം കുറവ് ചെയ്തതിലൂടെയും ഹസ്രത് അലി(റ) ന്റെ അറിവിലൂടെയും വിശുദ്ധഖുർആൻ വചനങ്ങളുടെ പിൻബലത്തിലൂടെയും, വ്യക്തമാക്കുന്ന ഒരു കാര്യം, ഗർഭകാലത്തിന്റെ കുറഞ്ഞകാലം ആറ് മാസമാകുന്നു.

മറ്റു ചില അഭിപ്രായങ്ങളും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഹസ്രത്

ആയിശാ(റ)യുടെ അഭിപ്രായത്തിൽ രണ്ട് വർഷം. നാല് ഇമാമീങ്ങളുടെ അഭിപ്രായങ്ങൾ, കൂഫയിലെ ഇമാം അബൂഹനീഫയുടെ അഭിപ്രായത്തിൽ (2 വർഷം), മദീനയിലെ ഇമാം മാലിക്ക് ഇബ്ന് അനസിന്റെ അഭിപ്രായ ത്തിൽ (4-5 വർഷം), മദീനയിലെ തന്നെ ഇമാം മുഹമ്മദ് അൽശാഫീയുടെ അഭിപ്രായത്തിൽ (4വർഷം), ബഗ്ദാദിലെ ഇമാം അഹ്മദ് ഇബ്ന് ഹമ്പലിന്റെ അഭിപ്രായത്തിൽ (4 വർഷം), ഇസ്ലാമിലെ അവരുടെ ചിന്താധാരകളുടെ അടിസ്ഥാനത്തിൽ, ഒരു സ്ത്രീയുടെ ഗർഭകാലം ആറുമാസം മുതൽ വ്യത്യ സ്ഥങ്ങളാകാം. ഗർഭകാലത്തിന്റെ കുറഞ്ഞ ദൈർഘ്യം വിശുദ്ധഖുർആനിൽ സൂചിപ്പിച്ചതുപോലെ (അൽബഖറ 2:234, ലുഖ്മാൻ 31:14, അൽ അഹ്ഖാഫ് 46:16) 2 മുതൽ 6 വർഷം വരെയാകുന്നു. (നിയമനടപടികൾക്കുള്ള ഗർഭ കാലത്തിന്റെ സമയപരിധിയാണിത്) മറ്റൊരു വാക്കിൽ പറഞ്ഞാൽ 6മാസം മുതൽ 6വർഷംവരെ, അല്ലാഹു(ത) ആകാശങ്ങളും ഭൂമിയും, മനുഷ്യനെയും സൃഷ്ടിക്കുന്നത് ആറുദിനങ്ങൾ എടുത്തതുപോലെ! അല്ലാഹുവിന്റെ ദിന ങ്ങൾ അനുസരിച്ച് അല്ലാഹു(ത) ദിവസങ്ങൾ എണ്ണുന്ന രീതിയനുസരിച്ച്) അതോടൊപ്പം വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറഞ്ഞിരിക്കുന്നതായി നാം മനസ്സിലാക്കുന്നു. ഓരോ പെണ്ണും (ഗർഭാശയത്തിൽ) ചുമക്കുന്നത് എന്താണെന്ന് അല്ലാഹു അറിയുന്നു. ഗർഭാശയങ്ങൾ ക്ഷയിപ്പിക്കുന്നതും, അവ വളർത്തുന്നതും (അവനറിയുന്നു) എല്ലാ വസ്തുവും അവന്റെയടു ക്കൽ ഒരു നിശ്ചിതമായ അളവനുസരിച്ചാണ് (13:9) എന്നാൽ, ഞാൻ നിങ്ങ ളോടു പറഞ്ഞതുപോലെ, ഈ പറയപ്പെട്ടതൊക്കെ നീക്കുപോക്കുകളാണ്, സാധാരണ സംഭവിക്കുന്നതിനു പുറത്തുള്ള കാര്യങ്ങൾ. സാധാരണ ഗർഭ കാലം 9-10 മാസമാകുന്നു. അത് നിയമകാര്യങ്ങൾക്ക് അനിവാര്യവുമാണ്. അല്ലാഹു(ത) നിശ്ചയമായും അവന്റെ അറിവിനാൽ എല്ലാകാര്യങ്ങളെയും വലയം ചെയ്തിരിക്കുന്നു.

വിവാഹാനന്തരം ഒരു സ്ത്രീക്കും പുരുഷനും ജനിക്കുന്ന കുട്ടി നിയ മാനുസൃതമായ കുട്ടിയാകുന്നു. ജനനസമയത്ത് പിതാവ് തന്റെ കുട്ടിയുടെ പിതൃത്വം നിഷേധിക്കാത്തിടത്തോളം കാലം, അവൻ, അനന്തരാവകാശ സ്വത്തിന് അർഹനുമാകുന്നു. ഇനി അദ്ദേഹം ഇത് തന്റെ കുട്ടിയല്ലാ എന്നു പറഞ്ഞാൽ (അദ്ദേഹത്തിന് സാക്ഷികൾ ഉൾപ്പടെ തെളിവുകളുണ്ടെങ്കിൽ അതായത് ഈ കുട്ടി തന്റേതല്ല, പ്രസ്തുത കുട്ടി മുൻഭർത്താവിന്റേതാണ്. അല്ലെങ്കിൽ നിക്കാഹിനു മുൻപ് മരണപ്പെട്ട ഭർത്താവിന്റെതാണ്.അല്ലെങ്കിൽ വ്യഭിചാരവൃത്തിയിലൂടെയുള്ള കുട്ടിയാണ്. ഇത്തരം ആരോപണങ്ങൾ വരാ വുന്നതാണ്. ഇന്ന് നമുക്ക് പുതിയ സാങ്കേതിക വിദ്യയുടെ സഹായത്താൽ DNA ടെസ്റ്റ്പോലുള്ളത് നടത്തി തന്റേതല്ല എന്ന് തെളിയിക്കാൻ സാധിക്കു ന്നതാണ്. അങ്ങനെ തെളിഞ്ഞാൽ പ്രസ്തു കുട്ടിയ്ക്ക് അനന്തരാവകാശ സ്വത്ത് ഒന്നും തന്നെ അദ്ദേഹത്തിൽ നിന്ന് ലഭിക്കുന്നതല്ല. അവന്റെ മാതാ

വിൽ നിന്നുള്ള സ്വത്തിന് അവന് അർഹത ഉണ്ടായിരിക്കും.

## നെപ്പോളിയൻ പൗരസംഹിത അനുസരിച്ചുള്ള വിവാഹം

## നെപ്പോളിയൻ നീതിശാസ്ത്രം അനുസരിച്ച് രണ്ട് രീതിയിലുള്ള മതചടങ്ങുകളില്ലാത്ത വിവാഹങ്ങളുണ്ട്.

1. നിയമവിധേയമായ സമുദായത്തിൽ വസ്തുവകകളുടെ അവകാശ വ്യവസ്ഥ

2. സാധനങ്ങൾ നിയമ വിധേയമായി വിഭജിക്കുന്ന വ്യവസ്ഥ. നിയമവിധേയമായ സമൂഹത്തിൽ, സാധനസാമഗ്രികളുടെ വ്യവസ്ഥ പ്രകാരം, വിവാഹം എന്നതുകൊണ്ടർത്ഥമാക്കുന്നത്, വിവാഹസമയത്ത് ഭർത്താവിന് ലഭ്യമാകുന്ന സ്വത്തുക്കളെല്ലാം (അനന്തരാവകാശസ്വത്തൊഴികെ) ഭർത്താവിനും, ഭാര്യയ്ക്കും തുല്യമായി വീതിക്കണമെന്നുള്ളതാണ് (50:50). ശരീഅത്ത് നിയമപ്രകാരം ഇതൊരു മുസ്ലിമിനെ വിഷമവൃത്തത്തിലാക്കുന്നു. ശരീഅത്ത് നിയമപ്രകാരം, ഒരാളിന്റെ ധനം അദ്ദേഹത്തിന്റെ അനുവാദമില്ലാതെ മറ്റൊരാളിന്റെ ഉടമസ്ഥതിലേക്കു സ്വമേധയ എത്തിചേരുന്നതല്ല. ഖുർആനും ഹദീതുമനുസരിച്ചുള്ള അനന്തരാവകാശസ്വത്ത് നിയമവും, സിവിൽ നിയമനുസരിച്ചുള്ള സ്വത്തു വിഭജനവും, പരസ്പരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സിവിൽ നിയമപ്രകാരം സാധനസാമഗ്രികളുടെ വിഭജനം നിയമ വ്യവസ്ഥ പ്രകാരം, ഭർത്താവിന്റെ സ്വത്ത് ഭർത്താവിന് തന്നെയാണ്. ഭാര്യയുടെ സ്വത്ത് അവളുടെ അധീനതയിലുമാണ്. പ്രസ്തുത ഭൗതിക വ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമാണ് ദൈവീക വ്യവസ്ഥ. വിവാഹനിയന്ത്രണ വ്യവസ്ഥയുടെയും, അനന്തരാവകാശ സ്വത്ത് വിഭജനത്തിന്റെയും കാര്യത്തിൽ വിശ്വാസികൾ ദൈവത്തിന്റെയും ദൂതന്റെയും നിയമവ്യവസ്ഥ പ്രകാരം പ്രവർത്തിക്കേണ്ടതാണ്. അനന്തരാവകാശ സ്വത്ത് വിഭജന കാര്യത്തിൽ, അല്ലാഹുവും അവന്റെ ദൂതനും കാണിച്ചു തന്ന വഴിയിൽ വിശ്വാസികൾ നിർബന്ധമായും വർത്തിക്കേണ്ടതാണ്. ഭൗതിക വ്യവസ്ഥയിൽ കാര്യങ്ങൾ ഇതിനെതിരായിരുന്നാൽ പോലും.!

ആയതിനാൽ ആരെങ്കിലും സിവിൽ നിയമപ്രകാരം വിവാഹം കഴിച്ചാലും ശരി, അവൻ ഒരു നോട്ടറിയുടെ ആഫീസിൽ വെച്ച്, തന്റെ ധനവിതരണം സംബന്ധിച്ച് (ഖുർആനും ഹദീസുമനുസരിച്ച്) ഒരു വിൽപത്രം തയ്യാറാക്കേണ്ടതാണ്. അനന്തരാവകാശ സ്വത്ത് വിഭജനം വളരെ വലിയ സങ്കീർണ്ണപ്രശ്നമാണ്. വളരെ വിശദീകരിക്കേണ്ടതുമാണ്. ഞാൻ അതിലെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കുറെ കാര്യങ്ങൾ മാത്രമാണ് നല്കിയിട്ടുള്ളത്. അത് വളരെ പ്രാധാന്യമർഹിക്കുന്നതുമാകുന്നു.

## ഒരാൾ ജീവിച്ചിരിക്കുമ്പോൾ നല്കുന്ന ഇഷ്ടദാനങ്ങൾ

ഒരാൾ ജീവിച്ചിരിക്കുമ്പോൾ, നിങ്ങൾക്ക് ഒരാളോടുള്ള താല്പര്യങ്ങൾ കൂടുതൽ കൊണ്ട്, നിങ്ങൾ അയാൾക്ക് നല്കുന്ന, ധനത്തിന്റെ ഒരു പങ്ക്, അനന്തരാവകാശ സ്വത്തല്ല, അതൊരു ദാനമാകുന്നു. എന്നാൽ നിങ്ങൾ നല്കുന്ന സ്വത്ത് നിങ്ങളുടെ ഒരു കുട്ടിയ്ക്ക് നല്കുകയും മറ്റൊരു കുട്ടിയ്ക്ക് നല്കാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. ആയതിനാൽ നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ നല്കുന്നെങ്കിൽ എല്ലാ കുട്ടികൾക്കും തുല്യമായി നല്കുക. ഒരു അനീതിയും അക്കാര്യത്തിൽ ഉണ്ടാകരുത്. ദാന വിതരണത്തിൽ ആൺപെൺ വ്യത്യാസമില്ലാതെ, തുല്യമായി പങ്കുവെയ്ക്കേണ്ടതാണ്. എല്ലാവർക്കും തുല്യഓഹരി കിട്ടേണ്ടതാണ്.

നിങ്ങളുടെ ഒരു കുട്ടിയ്ക്ക് പഠനാവശ്യത്തിനോ മറ്റോ കൂടുതൽ ചെലവഴിച്ചിട്ടുണ്ടെങ്കിൽ, അതേ അളവിൽ മറ്റു കുട്ടികൾക്കും നല്കേണ്ടതാണ്. നിങ്ങളെ മരണം അതിജയിക്കുന്നതിനു മുൻപ് അതിനുള്ള നഷ്ടപരിഹാരങ്ങൾ നിറവേറ്റണ്ടതാണ്. ഇനി ഇത്തരം കുട്ടികളാരെങ്കിലും മരണപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, അത് പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലാ എങ്കിൽ, അവന്റെ അനന്തരാവകാശികൾക്ക് ഇതു സംബന്ധമായി ഒന്നും തന്നെ അവകാശപ്പെടുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ഒരുവൻ ജീവിച്ചിരിക്കുമ്പോൾ ചെയ്ത ഒന്നും തന്നെ പരിഗണിക്കേണ്ടതില്ല. എന്നാൽ അവന്റെ മരണശേഷം അവന്റെ സ്വത്തുക്കൾ ഖുർആന്റെ കല്പനപ്രകാരം, അനന്തരാവകാശ സ്വത്തുക്കൾ വിഭജനം നടത്തേണ്ടതാണ്. എന്നാൽ, ജീവിച്ചിരിക്കുന്ന മാതാവിന് അഥവാ പിതാവിന് ഒരു കാര്യം ചെയ്യുന്നതിന് അനുവാദമുണ്ട്. അതായത് ഒരു കുട്ടിയ്ക്ക് മറ്റൊരു കുട്ടിയേക്കാൾ മുൻഗണന കൊടുക്കാവുന്നതാണ്. മറ്റു കുട്ടികൾക്ക് അപ്രകാരം ചെയ്യേണ്ടതുമില്ല. അപ്രകാരം ചെയ്യപ്പെടുന്ന കുട്ടി സ്വയം ദീനിനുവേണ്ടി ജീവിതം അർപ്പിക്കപ്പെട്ടതോ, കൂടുതൽ ദീനിബോധം മറ്റുള്ളവർക്ക് പകർന്നു നല്കുന്നവനോ, നല്കുന്നവളോ ആയിരിക്കണം. ഹസ്രത് അബൂബക്കർ(റ) അദ്ദേഹത്തിന്റെ മകൾ ആയിശാ(റ) യ്ക്ക് അപ്രകാരം ഇഷ്ടദാനം നല്കുകയുണ്ടായി. അത് മറ്റൊരു കുട്ടിയ്ക്കും നല്കിയിട്ടുമില്ല. (മുവത്വ, ഇമാം മാലിക്)

## അനന്തരാവകാശി തന്റെ തന്നെ സഹോദരനെതിരിൽ / അഥവാ സഹോദരിക്കെതിരിൽ നടത്തുന്നനെറികേട്

ചില പാവപ്പെട്ട രക്ഷകർത്താക്കളുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ, അവർക്ക് വളരെകുറച്ച് ധനമേ അഥവാ പുരയിടമേ കാണുകയുള്ളു. അത് എങ്ങനെ അനന്തരാവകാശികൾക്ക് പങ്കുവെയ്ക്കണമെന്നറിയില്ല. കയ്യിലുള്ള ധനത്തേക്കാൾ എണ്ണത്തിൽ കവിഞ്ഞു നില്ക്കുന്ന അനന്തരാവകാശികൾ രക്ഷകർത്താവിനു പറ്റുന്ന ഏറ്റവും വലിയ തെറ്റ്, അദ്ദേഹത്തിന്

ഒരുമകൻ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ ആൺമക്കൾ, അഥവാ ഒരുമകൾ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ പെൺമക്കൾ ഉണ്ടെന്നിരിക്കട്ടെ, ഇത്തരം സാഹചര്യത്തിൽ അദ്ദേഹം തന്റെ പെൺമക്കളെ വിശ്വാസത്തിലെടുക്കുന്നു. രേഖപ്പെടുത്താത്തതും ഒപ്പും വെയ്ക്കാത്തതുമായ നിയമരേഖയിലൂടെ ഭൂമിയുടെ അവകാശം തങ്ങളുടെ സഹോദരന്മാർക്ക് നല്കുവാനായി, വാക്കാലുള്ള ഉറപ്പിൻമേൽ, പിന്നീട് സഹോദരന്മാർ പ്രസ്തുത ഭൂമിയുടെ വില സഹോദരിമാർക്ക് നല്കുന്നതാണ് എന്ന വ്യവസ്ഥയിൽ ഈ തെറ്റായ അനന്തരാവകാശ സ്വത്തിന്റെ വിഭജനത്തെകുറിച്ചുള്ള അന്വേഷണം നടത്തിയാൽ, ബോധ്യമാകുന്ന കാര്യം, അതായത് പെൺകുട്ടികൾ വിവാഹിതരാകുമ്പോൾ, ഭർത്താവിനോടൊപ്പം പോയി അവരുടെ ഭർത്താക്കന്മാരുടെ സാധനസാമഗ്രികളിൽ പങ്കുകൊള്ളുന്നു. വാക്കാൽ ഇത്തരം തീർപ്പ് ഉണ്ടായാൽ, സഹോദരന്മാർക്ക് സഹോദരിമാരുടെ ഒപ്പ് ആവശ്യമായി വരുമ്പോൾ, പ്രസ്തുത വസ്തുക്കൾ തങ്ങളുടെ പേരിൽ അവകാശപ്പെടുത്തുന്നതിനായി, അപ്രകാരം ഒപ്പിട്ടു തരുവാൻ വളരെ മധുരതരമായി സഹോദരന്മാർ, സഹോദരിമാരോടു പറയുന്നു. നിയമരേഖയിൽ നോട്ടറി ആഫീസിൽ വെച്ച് അതു പ്രകാരം ഒപ്പിട്ടു കഴിഞ്ഞാൽ, ആൺകുട്ടികൾക്ക് അവരുടെ രേഖാപത്രം ലഭിച്ചു കഴിഞ്ഞു. അങ്ങനെ അവർ വസ്തുവിന്റെ ഉടമകളുമായി തീർന്നു. അവർ ചെകിടുപൊട്ടന്മാരായി തീരുന്നു. ഈ അവസ്ഥ തിരിച്ചും സംഭവിക്കാവുന്നതാണ്. (സഹോദരന്മാർ സഹോദരിമാർക്കായി ഒപ്പിട്ടു കഴിയുമ്പോഴും ഇപ്രകാര സംഭവിക്കാവുന്നതാണ്) ഇത്തരം ധന നിശ്ചയത്തിന്റെ ഇരകളായി തീരുന്നവർക്ക്, പണരൂപത്തിലാണ് അവരുടെ ഓഹരി ലഭിക്കുന്നത്, എന്നാൽ അത്ഭുതമെന്നു പറയട്ടെ, സഹോദരന്മാർ സഹോദരിമാരോടു കാണിക്കുന്ന ഈ രീതി ചതി പ്രയോഗം തന്നെയാണ് അത് തിരിച്ചായാലും അങ്ങനെ തന്നെ.

ദൗർഭാഗ്യവശാൽ, സഹോദരി അല്ലെങ്കിൽ സഹോദരിമാർ അവരുടെ അവകാശം ചോദിക്കുമ്പോൾ, തങ്ങളുടെ സഹോദരന്മാർ വാഗ്ദാനം ചെയ്തതാണ് അത് നല്കാമെന്ന്, തുടർന്ന് സാഹചര്യം വഷളാകുന്നു. അത്തരം സഹോദരന്മാർ സഹോദരിമാർക്ക് ബുദ്ധുമുട്ട് ഉണ്ടാക്കുന്നു. ഇത്തരം സന്താനങ്ങൾക്ക്, അവരുടെ കാര്യങ്ങൾ മാത്രമാണുള്ളത്, അവർക്ക് ധനം കുന്നുകൂട്ടണം, അതോടൊപ്പം അവരുടെ സന്താനങ്ങൾക്കും മാത്രം! അവരുടെ സന്താനങ്ങളുടെ ഭാവി രൂപപ്പെടുത്തേണ്ടതും, അവരുടെ നേട്ടം മാത്രമാണ് അവരുടെ വിഷയം. തീർച്ചയായും ഇപ്രകാരം അപഹരിയ്ക്കപ്പെട്ട ധനം അനന്തരാവകാശ സ്വത്തു ദീർഘനാൾ നില്ക്കില്ല. അതു മണ്ണോട് ചേരും, പ്രസ്തുത അക്രമികൾ ഒരു ദിവസം ദൈവസന്നിധിയിൽ ഹാജരാക്കപ്പെടുന്നതാണ്. ചോദിക്കപ്പെടുന്നതുമാണ്. (അവർ ചെയ്ത എല്ലാ തെറ്റുകളെ

പറ്റിയും) തീർച്ചയായും ഇത് വളരെ വലിയ അപരാധം തന്നെയാണ്. ഒരു സഹോദരൻ സഹോദരിയായും ഇത് വളരെ വലിയ അപരാധം തന്നെയാണ്. ഒരു സഹോദരൻ സഹോദരിയോടു ചെയ്യുന്ന! അതുപോലെ തിരിച്ചും! ഇതിനാണ് മോഷണം എന്നുപറയുന്നത്. അവരുടെ സഹോദരിമാരുടെ അവകാശങ്ങളെ കൊള്ളയടിക്കുക അവരും അവരുടെ തന്നെ മാതാപിതാക്കളുടെ അനന്തരാവകാശികളാണ്. ഇത്തരം കാര്യങ്ങളിൽ, പ്രസ്തുത സഹോദരന്മാർ വിൽപത്രം തയ്യാറാക്കേണ്ടതാണ്, അവരുടെ കടങ്ങൾ വീട്ടുന്നതിനുള്ള നിയമരേഖകൾ ചമയ്ക്കേണ്ടതാണ്. അവരുടെ സഹോദരിമാർക്ക് അവർക്ക് അവകാശപ്പെട്ടത് മടക്കിക്കൊടുക്കേണ്ടതാണ്. ഇത്തരം സാഹചര്യങ്ങളിൽ ഉടൻ തന്നെ പണം കൈമാറാൻ ഇല്ലെങ്കിൽ, സഹോദരിമാർക്ക് പ്രസ്തുത പണം കൊടുത്തു വിടുന്നതിനുള്ള ഒരു സമയപരിധി നിശ്ചയിച്ച് രേഖ തയ്യാറാക്കുക. അവരുടെ കൈവശം പണം ഉണ്ടായിരിക്കെ പണം തരാതിരുന്നാൽ, നോട്ടറി തയ്യാറാക്കിയ രേഖയിൽ മറ്റുള്ള അനന്തരാവകാശികൾ ഒപ്പിടാതിരിക്കുക. പ്രസ്തുത സഹോദരിമാർ അവർക്കവകാശപ്പെട്ട തുക കൈപ്പറ്റേണ്ടതു തന്നെയാണ്.

മൗറിഷ്യസിലും മറ്റിതര രാജ്യങ്ങളിലും ഇത്തരം അനേകം പരാതികൾ നിലവിലുണ്ട്. ഇത്തരം തെറ്റുകൾ ചെയ്യുന്നവരുടെ പര്യവസാനം, തങ്ങളുടെ സഹോദരിമാരുടെ അവകാശങ്ങളെ കൊള്ളയടിക്കുന്നവർ, അല്ലെങ്കിൽ തങ്ങളുടെ സഹോദരന്മാരുടെ അവകാശങ്ങളെ കൊള്ളയടിക്കുന്ന സഹോദരിമാർ, ദൈവദൃഷ്ടിയിൽ വളരെ ഗുരുതരാവസ്ഥയിലായിരിക്കും. ബുഖാരി ശരീഫിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു പ്രവാചക വചനം നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്.

മുഹമ്മദ്, ഇബ്നു ഇബ്റാഹീം ഇബ്ന് അൽഹാരിസ് വിവരിക്കുന്നു. അബൂസൽമ ഇബ്നു അബ്ദുർറഹ്മാൻ, ഭൂമി സംബന്ധമായി ചില ആളുകളുമായി, തർക്കത്തിലേർപ്പെടുകയുണ്ടായി. അപ്പോൾ അദ്ദേഹം ആയിശാ (റ) യുടെ അടുക്കൽ ചെന്ന്, ഇത് സംബന്ധമായി പറയുകയുണ്ടായി. അപ്പോൾ ആയിശ(റ) പറഞ്ഞു. അല്ലയോ അബൂസലാമ ആ ഭൂമി വിട്ടുകളയുക അല്ലാഹുവിന്റെ ദൂതർ(സ) പറഞ്ഞു ഏതെങ്കിലും ഒരാൾ, അക്രമമായി ഒരു ചാൺ ഭൂമി കൈവശപ്പെടുത്തിയാൽ, അവന്റെ കഴുത്ത് ഏഴ് ഭൂമിക്ക് താഴെ വലയം ചെയ്യുന്നതാണ്.

ഇന്ന്, ഞാൻ നടത്തിയ വെള്ളിയാഴ്ച ഖുത്തുബ ഫോൺവിളികളിലൂടെയും, ഫോൺ മെസ്സേജിലൂടെയും ഈ-മെയിലിലൂടെയും ലഭിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഈ വിഷയത്തെ സംബന്ധിച്ച് വിശദീകരിച്ചത് അതുകൊണ്ടാണ്. അതിലൂടെ മാനവകുലത്തിന് മൊത്തത്തിൽ, വിശിഷ്യാ മുസ്ലിംകൾക്ക്, ഇതിൽ നിന്നും

പ്രയോജനം നേടാവുന്നതാണ്, അവരുടെ അനന്തരാവകാശ സ്വത്തുകൾ എങ്ങനെ വീതിക്കാം എന്നത് സംബന്ധിച്ച് അവർക്ക് അറിവ് ലഭിക്കുന്നതാണ്. ഒരു പക്ഷേ അവർക്ക് നേരത്തെ ഇത് അറിയില്ലായിരിക്കാം. ഒരു പക്ഷേ ഇതേപറ്റി ഇതിന് മുൻപ് ചിന്തിച്ചിട്ടില്ലായിരിക്കാം. അഥവാ അവർ തയ്യാറാക്കിയ വിൽപത്രത്തിൽ തെറ്റുകൾ സംഭവിച്ചിരിക്കാം അത് തിരുത്തുവാനും സാധിക്കുന്നതാണ്.

ആയതിനാൽ ഇന്നത്തെ ഖുത്തുബയിലൂടെ, ഈ വിഷയം സംബന്ധമായി കൂടുതൽ അറിയുവാൻ കഴിയുന്നതാണ്. ഇതനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെ, അല്ലാഹുവിന്റെ സ്നേഹം ആർജിക്കുവാൻ കഴിയുന്നതാണ്. അവന്റെ കോപം ഉണ്ടാകുന്നതല്ല. ഇതെല്ലാം സംബന്ധമായി ഒരിക്കൽ നാം അവന്റെ മുൻപാകെ കണക്കുബോധിപ്പിക്കേണ്ടി വരുന്നതാണ്. നാം മനസ്സിലാക്കേണ്ട ഒരു കാര്യം നമ്മുടെ വസ്തുവകകളെല്ലാം തന്നെ അല്ലാഹുവിന്റേതാണ്. അവന്റേതു മാത്രം. ഈ താത്ക്കാലിക ജീവിതത്തിൽ ഒന്നും തന്നെ യഥാർത്ഥത്തിൽ നമ്മുടേതല്ല. ഈ ലോകത്ത്, നാം താത്ക്കാലിക വാസികൾ മാത്രമാണ്. നാളെ നാം ഇതെല്ലാം ഉപേക്ഷിക്കുന്നതാണ്. നമ്മെ പൊതിയുന്നതിനായി അല്പം തുണിമാത്രമാണ് നാം ഉപയോഗിക്കുന്നത്. നാം ഭൂമിയിൽ ആസ്വദിക്കുവാനായി ഉപയോഗിച്ച ഒന്നും തന്നെ നമ്മെ പിന്തുടുന്നില്ല. നാം ചെയ്ത നല്ലതും ചീത്തയുമായ പ്രവർത്തികൾ മാത്രമാണ് നമ്മെ പിന്തുടരുന്നത്. ബാക്കി എല്ലാം ഭൂമിയിൽ തന്നെ അവശേഷിക്കുന്നതാണ്. പിന്നെന്തിനാണ് നെറികേട് കാണിക്കുന്നത്? പിന്നെന്തിനാണ് പോരാടുന്നത്? പിന്നെന്തിനാണ് തർക്കിക്കുന്നത്? ഈ തർക്കങ്ങളും ചതിപ്രയോഗങ്ങളും ഫലശൂന്യങ്ങളാണ്, കാരണം നാം ഇതിലൂടെ നിറയ്ക്കുന്നത്, ദൈവകോപം മാത്രമാണ്, ഇഹലോകത്തും നാളെ പരലോകത്തും!

## ചെയ്തുകൊണ്ടിരിക്കുന്ന കച്ചവടത്തിൻമേലുള്ള അനന്തരാവകാശം

ഒരാൾക്ക് മരണം സംഭവിച്ചുകഴിഞ്ഞാൽ അവന്റെ അനന്തരാവകാശികൾ അവന്റെ ധനത്തിന്റെ, സാധനങ്ങളുടെ, വസ്തുവകകളുടെ അവകാശികളായി തീരുന്നു. അവൻ ഉപേക്ഷിച്ചു പോയ ഓരോ സാധനത്തിനും അവന്റെ അനന്തരാവകാശികൾക്ക്, അതിൽ നിശ്ചിത ഓഹരികളുണ്ട്. (ഉദാ:അവന്റെ വീടിന്റെയും, കച്ചവടത്തിന്റെയും 12.5%)

ഇനി അനന്തരാവകാശികൾ ഒരു ധാരണയിൽ എത്തിച്ചേരുകയാണെങ്കിൽ, അവരുടെ ഇഷ്ടപ്രകാരം, ഈ ധനം പരസ്പരം വീതിക്കാവുന്നതാണ്. അവരുടെ പങ്കിന്റെ ഉടമസ്ഥവകാശം ഓരോരുത്തരും ഏറ്റെടുക്കേണ്ടത് അവരുടെ ഉത്തരവാദിത്വമാണ്. അതിന്റെ അനന്തരാവകാശികൾ അവരുടെ ഓഹരി ചോദിക്കുകയാണെങ്കിൽ അത് കൊടുക്കാതെ

വെയ്ക്കുന്നത് അനീതിപരമായ കാര്യമാണ്. അതുകൊണ്ടാണ് മരണപ്പെട്ട ആളിന്റെ ധനം, അർഹതപ്പെട്ട എല്ലാവർക്കുമായി അവരുടെ ഓഹരികൾ വീതിക്കേണ്ടതും അതിന്റെ ഉടമസ്ഥാവകാശം, ഓരോരുത്തരും ഏറ്റെടുക്കേണ്ടതുമാണ്. അതിന്റെ യഥാർത്ഥ അർത്ഥത്തിൽ തന്നെ.

അനന്തരാവകാശിക്കിടയിൽ പരസ്പര ധാരണ ഉണ്ടാകുന്നില്ലെങ്കിൽ സ്വത്തുക്കളെല്ലാം മൂല്യനിർണ്ണയം നടത്തി, ഓഹരി പ്രകാരം, പണമായി ഓരോരുത്തർക്കും വീതിക്കേണ്ടതാണ്, ഇനി ഒരു വസ്തു ശരിക്കും തുല്യമായി വീതിക്കാൻ സാധിക്കാത്തതാണെങ്കിൽ അത് വിറ്റ് അതിന്റെ അവകാശികൾക്ക് അതിന്റെ മൂല്യം പണമായി നല്കേണ്ടതാണ്.

ഒരു കച്ചവടം നടത്തിക്കൊണ്ടിരുന്ന ഉടമസ്ഥൻ മരണപ്പെട്ടാൽ, അദ്ദേഹത്തിന്റെ സ്റ്റോക്കിലുള്ള മൂല്യം കണ്ടു പിടിച്ച് ദൈനം ദിനം നടക്കുന്ന കച്ചവടവും തിട്ടപ്പെടുത്തി, കടക്കാരന്റെ നിശ്ചിത മുതലും നിർണ്ണയിച്ച്, അതായത് കച്ചവടം നടത്തുന്ന കെട്ടിടത്തിന്റെ മൂല്യവും മറ്റും കണക്കുകൂട്ടി തിട്ടപ്പെടുത്തേണ്ടതാണ്.

അങ്ങനെ, അനന്തരാവകാശികൾക്ക്, വേണമെങ്കിൽ, ഒരാളെ കൂലിക്ക് നിശ്ചിയക്കാവുന്നതും അവരുടെ പ്രതിനിധി എന്ന നിലയിൽ, അവർക്കായി പ്രസ്തുത കച്ചവടം നടത്താവുന്നതും, വ്യാപാര കൊടുക്കൽ വാങ്ങലുകളുടെ കണക്കുകൾ എഴുതി സൂക്ഷിക്കാവുന്നതുമാണ്. എന്നാൽ ഒരു കുടുംബയോഗത്തിന് ശേഷം, ഓരോ അവകാശിക്കും, അവന് അർഹതപ്പെട്ട വിഹിതം, ഒരു കുറവും വരാതെ കൊടുക്കേണ്ടതാണ്. ഈ വ്യാപാരത്തെ ഒരു കമ്പനിയാക്കി മാറ്റാവുന്നതാണ്, അതിൽ ഓരോ അനന്തരാവകാശിക്കും തങ്ങളുടെ വിഹിതം നിക്ഷേപിക്കാവുന്നതാണ്. അപ്രകാര ഏറ്റെടുത്തു നടത്തുന്ന ഒരു അനന്തരാവകാശിക്കു ശമ്പളം നിശ്ചിയിക്കാവുന്നതും അതോടൊപ്പം അവന്റെ മുടക്കുമുതലിന്റെ ലാഭവിഹിതം എടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതുമാകുന്നു. എന്നാൽ മുതൽ മാത്രം മുടക്കിയിട്ടുള്ളവർക്ക് അവരുടെ ലാഭവിഹിതം, മാസാവസാനത്തിലോ, വർഷാവസാത്തിലോ, സ്വീകരിക്കാവുന്നതുമാണ് ഇൻശാ അല്ലാഹ്.

## അനാഥന്റെ അനന്തരാവകാശ സ്വത്ത്

ഒരു കുട്ടി അനാഥനാണെങ്കിൽ, മതകാര്യത്തിൽ പ്രാവീണ്യമുള്ള മുതിർന്ന ഒരാൾ അവന്റെ ധനം (അനന്തരാവകാശ സ്വത്ത്) സംരക്ഷിക്കുക. അവൻ പ്രായപൂർത്തിയാകുന്നതുവരെ (ഏകദേശം 21 വയസ്സുവരെ) അവന്റെ ധനം, പണരൂപത്തിലാണെങ്കിൽ, കുട്ടിയുടെ പേരിൽ ഒരു സ്ഥലം (ഭൂമി) വാങ്ങുക, അങ്ങനെ ആയാൽ അവന്റെ സ്വത്തിൽ അവന് നഷ്ടം സംഭവിക്കുകയില്ല.

അവന്റെ ധനവും, വസ്തുവകകളും കൈകാര്യം ചെയ്യുവാനുള്ള

കാര്യപ്രാപ്തിയിലെത്തിയാൽ, അപ്പോൾ അവന്റെ ധനം അവന് കൈമാറുക. കുട്ടിയുടെ രക്ഷകർത്താവിന്, അവനു വേണ്ടി ചെലവാക്കിയ തുക അതിൽ നിന്നും എടുക്കാവുന്നതാണ്. (അവൻ രക്ഷകർത്താവിന്റെ സംരക്ഷണയിൽ തുടരുന്നിടത്തോളം കാലം) പ്രസ്തുത ധനത്തിൽ, വസ്തുവിൽ അവൻ പ്രായപൂർത്തി എത്തുന്നതുവരെ സക്കാത്ത് ഉണ്ടായിരിക്കില്ല.

## ദത്തുകുട്ടിയുടെ അനന്തരാവകാശ സ്വത്ത്

ശരീ അത്ത് നിയമപ്രകാരം ദത്തെടുക്കപ്പെട്ട കുട്ടി ദത്തെടുത്ത രക്ഷകർത്താക്കളുടെ അനന്തരാവകാശ സ്വത്തിന് അവകാശി അല്ല. ദത്തെടുത്ത കുടുംബത്തിലെ അനന്തരാവകാശ സ്വത്തിന് പ്രസ്തുത കുട്ടിയ്ക്ക് യാതൊരവകാശവുമില്ല. എന്നാൽ ദത്തെടുത്ത രക്ഷിതാക്കൾക്ക് പ്രസ്തുത കുട്ടിയ്ക്ക് ഇഷ്ടദാന പ്രകാരം തങ്ങളുടെ ജീവിതകാലത്തു തന്നെ സ്വത്തു നല്കാവുന്നതാണ്. അല്ലെങ്കിൽ തങ്ങളുടെ സ്വത്തിന്റെ ഏറ്റവും കൂടിയാൽ 1/3 വരെ നല്കുന്നതിനുള്ള ഒരു വിൽപത്രം തയ്യാറാക്കി വെയ്ക്കാവുന്നതാണ്. ശരീഅത്ത് നിയമപ്രകാരം ഒരു കുട്ടിയെ ദത്തെടുക്കുമ്പോൾ, അവൻ/അവൾ ഒരു കുഞ്ഞായിരിക്കുമ്പോൾ തന്നെ ദത്തെടുക്കുക. അങ്ങനെ ആയാൽ അവൻ/അവൾ വീട്ടിൽ ഒരു മഹ്റം/അന്യൻ ആയിരിക്കില്ല. വളർന്നതിനുശേഷമാണ് ഒരുവൻ ഒരു കുട്ടിയെ, ദത്തെടുക്കുന്നതെങ്കിൽ, പ്രസ്തുത കുട്ടി വീട്ടിൽ ഒരു അന്യൻ ആയിരിക്കും.

## മരണത്തിനു മുൻപ് വിൽപത്രം തയ്യാറാക്കേണ്ടതിന്റെ ആവശ്യകത.

തിർമിദി റിപ്പോർട്ട ചെയ്ത ഒരു ഹദീസിൽ ഹസ്രത് അബ്ദുല്ലാ ഇബ്നു ഉമർ(റ) വിവരിക്കുന്നു. ദൈവദൂതൻ (സ) പറഞ്ഞു. ആഗ്രഹിക്കുന്ന നിലയിൽ ഒരുവൻ ഒസിയത്ത് ചെയ്യാതെ, പ്രസ്തുത ഒസിയത്ത് രേഖപ്പെടുത്താതെ രണ്ട്, ദിനരാതികൾ കഴിയുന്നത് ഒരു മുസ്ലിമിന് യോജിച്ച കാര്യമല്ല. പ്രസ്തുത ഹദീസ് ഇമാം ബുഖാരിയും ഇമാം മുസ്ലിമും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചില ഹദീസ് നിപുണന്മാർ ഒസ്യയത്ത് എഴുതുന്നത് സംബന്ധിച്ച് ഊന്നിപറഞ്ഞിരിക്കുന്നത്, ഒരു അപകടം ഉണ്ട് എങ്കിൽ, ഒരു വ്യക്തിയുടെ മരണത്തെ തുടർന്ന് അനന്തരാവകാശ സ്വത്തിന്റെ കാര്യത്തിൽ വലിയ തർക്കങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെങ്കിൽ, അപ്പോൾ ഒസ്യത്ത് മുൻകൂട്ടി രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ഒരു ശുപാർശയാണ്. ഒരു മുൻകരുതലാണ് (മരണം അവനെ കീഴ്പ്പെടുത്തുന്നതിന് മുൻപ്) നിങ്ങളുടെ മരണശേഷം അനന്തരാവകാശ സ്വത്തിൻമേൽ തർക്കങ്ങൾ ഉണ്ടാകാൻ സാധ്യത നിങ്ങൾ മുൻകൂട്ടി കാണുന്നുവെങ്കിൽ, അത്തരം സാഹചര്യത്തിൽ ഒസ്യയത്ത് രേഖപ്പെടുത്തി

വെയ്ക്കേണ്ടത് അനിവാര്യമാണ്, അത്തരം തർക്കങ്ങൾ ഉണ്ടാകിതിരിക്കുവാനായി മാത്രമല്ല നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി എന്ന സംതൃപ്തിയും ഉണ്ടാകുന്നതാണ്. വിശുദ്ധഖുർആൻ നിർദ്ദേശിക്കുന്ന പ്രകാരം വിൽപത്രം തയ്യാറാക്കേണ്ടതാണ്. അത് നിർബന്ധ കടയുമാണ്.

ആയതിനാൽ, ഒരാളിന്റെ മരണശേഷം അനന്തരവകാശ സ്വത്തിന്റെ പേരിൽ കുടുംബത്തിൽ അന്തഃഛിദ്രം ഉണ്ടാകാതിരിക്കുവാൻ വിൽപത്രം തയ്യാറാക്കിവെയ്ക്കേണ്ടത് വളരെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. അനന്തരാവകാശ സ്വത്തിന്റെ തെറ്റായ വിതരണം മൂലം എത്രയോ കുടുംബങ്ങളാണ് ബന്ധങ്ങൾ അറ്റുപോയിരിക്കുന്നത്.

ഇൻശാ അല്ലാഹ് ! ഈ വെള്ളിയാഴ്ച ഖുത്തുബയിലൂടെ എല്ലാ സഹോദരീ സഹോദരന്മാർക്കും അനന്തരാവകാശ സ്വത്ത് വിഭജനം സംബന്ധിച്ച് ഒരാശയം കിട്ടികാണുമെന്ന് പ്രതീക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശത്തിലൂടെയുള്ള അവരുടെ ധനം വീതിക്കുമെന്നും പ്രത്യാശിക്കുന്നു. ഈ വെള്ളിയാഴ്ച ഖുത്തുബയിലൂടെ ഈ വിഷയത്തെ സംബന്ധിച്ച് വളരെ കൂടുതൽ വ്യക്തമാക്കുവാൻ എളുപ്പമല്ല. തീർച്ചയായും ഒരു ഖുത്തുബയിലൂടെമാത്രം ഇത് നല്ല നിലയിൽ വിവരിക്കുവാനും സാധ്യമല്ല. നിശ്ചയമായും ഈ വിഷയം വളരെ വിശാലതയുള്ളതാകുന്നു.

ഇൻശാ അല്ലാഹ്! ഓരോ മുസ്ലിമും തങ്ങളുടെ ധനം, തങ്ങളുടെ അനന്തരാവകാശികൾക്ക് വിശുദ്ധ ഖുർആനും വിശുദ്ധസുന്നത്തുമനുസരിച്ച് വിതരണം ചെയ്യട്ടെ! ഇത് അവരുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയാകുന്നു. വിശ്വസ്തതയോടെയും, തഖ്‌വയിലൂടെയും നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ അല്ലാഹു(ത) നമ്മെ സഹായിക്കട്ടെ ഇൻശാ അല്ലാഹ് ആമീൻ

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**